www.societytodaynews.com
2024 NOVEMBER
21
THURSDAY
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഉഭയകക്ഷി ബന്ധം സാധാരണ നിലയിലേക്ക്; ചർച്ച നടത്തി ഇന്ത്യയും ചൈനയും

**ജി 20 ഉച്ചകോടിക്കിടെ വിദേശകാര്യ മന്ത്രി എസ്. ജയശങ്കറും ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യിയും തമ്മിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് ഇക്കാര്യത്തിൽ തീരുമാനമായത്.**



**ന്യൂഡൽഹി:** നിയന്ത്രണ രേഖയിൽ നിന്നുള്ള സൈനിക പിന്മാറ്റത്തിനു ശേഷം ഉഭയകക്ഷി ബന്ധം സാധാരണ നിലയിലാക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ഇന്ത്യയും ചൈനയും ചർച്ച നടത്തി. അതിർത്തി പ്രശ്നത്തിൽ പ്രത്യേക പ്രതിനിധികളുടെയും മുതിർന്ന നയതന്ത്രജ്ഞരുടെയും യോഗങ്ങൾ ഉടൻ വിളിക്കാനാണ് ഇരു രാജ്യങ്ങളുടെയും തീരുമാനം. റിയോ ഡി ജനീറോയിൽ നടക്കുന്ന ജി 20 ഉച്ചകോടിക്കിടെ വിദേശകാര്യ മന്ത്രി എസ്. ജയശങ്കറും ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യിയും തമ്മിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് ഇക്കാര്യത്തിൽ തീരുമാനമായത്.

സൈനിക പിന്മാറ്റം സമാധാനം നിലനിർത്തുന്നതിനു സഹായകമായതായി മന്ത്രിമാർ വിലയിരുത്തിയതായി വിദേശകാര്യ മന്ത്രാലയം വാർത്താകുറിപ്പിൽ അറിയിച്ചു. ബന്ധങ്ങൾ സുസ്ഥിരമാക്കുന്നതിലും ഭിന്നതകൾ കൈകാര്യം ചെയ്യുന്നതിലും അടുത്ത നടപടികൾ കൈക്കൊള്ളുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് അനിവാര്യമാണെന്ന് രണ്ടു മന്ത്രിമാരും വിലയിരുത്തിയതായി വാർത്താക്കുറിപ്പിൽ പറയുന്നു. കൈലാസ് മാനസരോവർ തീർഥാടനം പുനരാരംഭിക്കൽ, അതിർത്തി കടന്നുള്ള നദികളെ കുറിച്ചുള്ള വിവരങ്ങൾ പങ്കിടൽ, ഇന്ത്യയ്ക്കും ചൈനയ്ക്കും ഇടയിൽ നേരിട്ടുള്ള വിമാന സർവീസുകൾ, മീഡിയ എക്സ്ചേഞ്ചുകൾ എന്നിവയും കൂടിക്കാഴ്ചയിൽ ചർച്ചയായി. എത്രയും വേഗം വിസകൾ സുഗമമാക്കുക എന്ന വിഷയം വാങ് ഉന്നയിച്ചതായി ചൈനയുടെ വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

# പ്രവാസികൾക്ക് നാട്ടിൽ ജോലി; 100 ദിവസത്തെ ശമ്പളവിഹിതം നോർക്ക നൽകും

**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ നോർക്ക റൂട്ട്സ് പുതുതായി ആരംഭിക്കുന്ന നോർക്ക അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെൻറ് പദ്ധതിയിൽ എംപ്ലോയർ കാറ്റഗറിയിൽ രജിസ്റ്റർ ചെയ്യാൻ താത്പര്യമുള്ള സംസ്ഥാനത്തെ വ്യവസായ വാണിജ്യ സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു.

തിരിച്ചെത്തിയ പ്രവാസി കേരളീയർക്ക് നാട്ടിലെ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് നെയിം. നോർക്ക റൂട്ട്സ് ലിസ്റ്റ് ചെയ്യുന്ന ഉദ്യോഗാർഥികളിൽ നിന്നു തെരഞ്ഞെടുക്കുന്ന പ്രവാസി കേരളീയരെ നിയമിക്കുന്ന തൊഴിലുടമയ്ക്ക് (എംപ്ലോയർ) പ്രതിവർഷം പരമാവധി 100 തൊഴിൽദിനങ്ങളിലെ ശമ്പളവിഹിതം (വേജ് കോമ്പൻസേഷൻ) ഈ പദ്ധതിവഴി ലഭിക്കും. സഹകരണ സ്ഥാപനങ്ങൾ, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് (ഇഎസ്ഐ), എംപ്ലോയീസ് പ്രൊവിഡൻറ് ഫണ്ട് (ഇപിഎഫ്), ഉദ്യം, രജിസ്ട്രേഷനുള്ള സ്വകാര്യ/പബ്ലിക് ലിമിറ്റഡ്/എൽ.എൽ.പി കമ്പനികൾ, അംഗീകൃത സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് രജിസ്റ്റർ ചെയ്യാം. ഓട്ടോമൊബൈൽ, കൺസ്ട്രക്ഷൻ, ഹോസ്പിറ്റാലിറ്റി മേഖലകളിലെ സംരംഭങ്ങൾക്കാണ് ഇപ്പോൾ രജിസ്റ്റർ ചെയ്യാൻ അവസരം. അപേക്ഷാഫോറത്തിനും വിശദവിവരങ്ങൾക്കും www.norkaroots.org വെബ്സൈറ്റ് സന്ദർശിക്കുകയോ 04712770523 എന്ന ഫോൺ നമ്പറിൽ (പ്രവൃത്തി ദിവസങ്ങളിൽ, ഓഫീസ് സമയത്ത്) ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

ദിവസവേതനത്തിൻറെ 50 ശതമാനം അല്ലെങ്കിൽ പരമാവധി 400 രൂപ, ഇതിൽ ഏതാണോ കുറവ് അതാണ് ശമ്പളവിഹിതമായി തൊഴിലുടമയ്ക്ക് ലഭിക്കുക. ഇക്കാര്യത്തിൽ നിബന്ധനകളും വ്യവസ്ഥകളും ബാധകമാണ്. ഒരു സ്ഥാപനത്തിന് പരമാവധി 50 പേരെ വരെ ശമ്പളവിഹിതം ലഭ്യമാക്കി നെയിം പദ്ധതിപ്രകാരം നിയമിക്കാനാകും.

കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെൻററിൻറെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +918802 012 345 (വിദേശത്തുനിന്നും, മിസ്ഡ് കോൾ സർവീസ്) ബന്ധപ്പെടാവുന്നതാണ്.

# ജിഎസ്ടി 3ആ റിട്ടേണുകൾ ഫയൽ ചെയ്യാനുള്ള തീയതി നീട്ടണമെന്ന് വ്യാപാരികൾ

**കൊച്ചി:** ജിഎസ്ടി നിയമപ്രകാരം 202324 സാമ്പത്തിക വർഷത്തെ ജിഎസ്ടി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റിട്ടേണിലൂടെ സ്വീകരിക്കാനും, അർഹതയില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റിവേഴ്സ് ചെയ്യാനുമുള്ള അവസാന തീയതി നവംബർ 30 ൽ നിന്ന് 2025 മാർച്ച് 31 വരെ നീട്ടണമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡൻറും കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ ട്രേഡേഴ്സ് ദേശീയ സെക്രട്ടറിയുമായ എസ്.എസ്. മനോജ് ആവശ്യപ്പെട്ടു.

ജിഎസ്ടി വെബ്സൈറ്റിലെ അടിക്കടിയുള്ള തിരുത്തലുകൾ മൂലം വ്യാപാരികൾക്ക് കൃത്യതയോടെ ഫയൽ ചെയ്യുവാൻ കഴിയാറില്ല. ഈ ബുദ്ധിമുട്ട് മൂലം നിരവധി വ്യാപാരികൾക്ക് ഇതുവരെ റിട്ടേണുകൾ ഫയൽ ചെയ്യാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും അദ്ദേഹം വിശദീകരിച്ചു. തീയതി നീട്ടാതെ വന്നാൽ നിരവധി വ്യാപാരികൾക്ക് അർഹതപ്പെട്ട ഇൻപുട്ട് ക്രെഡിറ്റ് ടാക്സ് തിരികെ ലഭിക്കാത്ത അവസ്ഥയുണ്ടാകും.

നിശ്ചിത സാമ്പത്തിക വർഷത്തിൽ ഇടയ്ക്കിടെ വെബ്സൈറ്റിൽ ഉണ്ടാകുന്ന മാറ്റങ്ങൾ വ്യാപാരികൾക്ക് റിട്ടേണുകൾ കൃത്യമായി ഫയൽ ചെയ്യുന്നതിന് തടസം സൃഷ്ടിക്കുന്നു. ഇത് ഒഴിവാക്കപ്പെടണം.

സാധാരണ വ്യാപാരികളുടെ പ്രശ്നങ്ങൾ കൃത്യമായി മനസിലാക്കാതെയാണ് ജിഎസ്ടി കൗൺസിലിൽ തീരുമാനങ്ങൾ ഉണ്ടാകുന്നതെന്നും മനോജ് കുറ്റപ്പെടുത്തി.



# മഞ്ഞപ്പിത്തം: പ്രതിരോധം കർശനമാക്കി ആരോഗ്യവകുപ്പ്

**കൊച്ചി:** ജില്ലയിൽ മഞ്ഞപ്പിത്ത രോഗ ബാധ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പുറത്തുനിന്നും ശീതളപാനീയങ്ങളും ഭക്ഷണവും കഴിക്കുമ്പോൾ കൂടുതൽ ശ്രദ്ധിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചു.

മഞ്ഞപ്പിത്തരോഗബാധ (ഹെപ്പറ്റൈറ്റിസ് എ) റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ മലിനമായ കുടിവെള്ളത്തിന്റെ ഉപയോഗം, പച്ചവെള്ളം കുടിക്കുന്ന ശീലം, പുറമേ നിന്നുള്ള ഭക്ഷണത്തി ന്റെയും ശീതളപാനീയ ങ്ങളുടെയും ഉപയോഗം, ശീതളപാനീയങ്ങളിലും മറ്റും വ്യാവസായികാടിസ്ഥാനത്തിൽ ശുദ്ധമല്ലാത്ത വെള്ളത്തിൽ നിർമ്മിക്കുന്ന ഐസിന്റെ ഉപയോഗം, ശുചിത്വക്കുറവ് എന്നീ കാരണങ്ങളാണ് പ്രധാനമായും കണ്ടെത്തിയിട്ടുള്ളത്.

ജില്ലയിൽ ഈ വർഷം ഇതുവരെ സംശയാസ്പദമായ 722 ഹെപ്പറ്റൈറ്റിസ് എ(മഞ്ഞപ്പിത്തം) കേസുകളും സ്ഥിരീകരിച്ച 563 കേസുകളും 8 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമൂലനഗരം, മലയാറ്റൂർ, പായിപ്ര, കിഴക്കമ്പലം, മട്ടാഞ്ചേരി, നെല്ലിക്കുഴി, കോതമംഗലം, നെടുമ്പാശ്ശേരി, കളമശ്ശേരി, വേങ്ങൂർ, ആവോലി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നാണ് കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ജില്ലയിൽ മഞ്ഞപ്പിത്ത രോഗം കൂടുതൽ റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽ മലിനമായ വെള്ളത്തിന്റെ ഉപഭോഗം കൂടുതലായി കണ്ടെത്തിയിട്ടുണ്ട്.

കല്യാണങ്ങൾക്കും മറ്റ് ചടങ്ങുകൾക്കും തിളപ്പിക്കാത്ത വെള്ളത്തി ൽ തയ്യാറാക്കുന്ന വെൽക്കം ഡ്രിങ്കുകൾ നൽകു ന്നത്, ചൂട് വെള്ളത്തോടൊപ്പം പച്ച വെള്ളം ചേർത്ത് കുടിവെള്ളം നൽകുന്നത് എന്നിവ രോഗം കൂടുന്നതിന് കാരണമാകുന്നുണ്ട്.

മഞ്ഞപ്പിത്തരോഗം പടർന്നു പിടിക്കാതിരിക്കാൻ വ്യക്തിശുചിത്വം, ആഹാരശുചിത്വം, കുടിവെള്ളശുചിത്വം, പരിസരശുചിത്വം എന്നിവ ഉറപ്പാക്കുവാൻ പ്രത്യേകം ജാഗ്രത പുലർത്തണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

**എന്താണ് മഞ്ഞപ്പിത്തം?**

കരളിനെ ബാധിക്കുന്ന ഒരു വൈറസ് രോഗമാണ് മഞ്ഞപ്പിത്തം (വൈറൽ ഹെപ്പറ്റൈറ്റിസ്). മഞ്ഞപ്പിത്തം എ, ഇ വിഭാഗങ്ങൾ ആഹാരവും കുടിവെള്ളവും വഴി പകരുന്നവയാണ്. ശരീരവേദനയോടുകൂടിയ പനി, തലവേദന, ക്ഷീണം, ഓക്കാനം, ഛർദ്ദി തുടങ്ങിയവയാണ് പ്രാരംഭ ലക്ഷണങ്ങൾ. പിന്നീട് മൂത്രത്തിലും കണ്ണിനും ശരീരത്തിലും മഞ്ഞ നിറം പ്രത്യക്ഷപ്പെടുന്നു.

ശരീരത്തിൽ വൈറസ് പ്രവർത്തിക്കുന്നത് മൂലം കരളിലെ കോശങ്ങൾ നശിക്കുകയും കരളിന്റെ പ്രവർത്തനം തകരാറിലാവുകയും ചെയ്യുന്നു ഇതിനാൽ മഞ്ഞ നിറത്തിലുള്ള ബിലിറൂബിന്റെ അംശം രക്തത്തിൽ കൂടുകയും മഞ്ഞപ്പിത്തത്തിലേക്കു നയിക്കുകയും ചെയ്യുന്നു.

ഹെപ്പറ്റൈറ്റിസ്എ, ഇ വൈറസ് ബാധ മലിനമായതോ അല്ലെങ്കിൽ വേണ്ടത്ര ശുദ്ധീകരിക്കാത്തതോ ആയ ജലം, മലിനമായ ആഹാരം, രോഗിയുമായുള്ള സമ്പർക്കം എന്നിവ വഴി വളരെ വേഗം പകരുന്നു. രോഗബാധിതനായ ഒരാൾ കുടുംബാംഗങ്ങൾക്ക് ഭക്ഷണം തയ്യാറാക്കുമ്പോഴും ആഹാരം പങ്കിട്ടു കഴിക്കുമ്പോഴും സമ്പർക്കം പുല ർത്തുമ്പോഴും രോഗം മറ്റുള്ളവരിലേക്ക് പകരുന്നു. രോഗിയെ ശുശ്രൂഷിക്കുന്നവർ കൈകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകണം. മലിനമായ കൈകളിലൂടെയും മറ്റും രോഗാണുക്കൾ വെള്ളത്തിലും ഭക്ഷണത്തിലും കലരുന്നതു വഴി രോഗം പകരുന്നു. രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ചികിത്സ തേടുന്നതിലൂടെ രോഗം മാരകമാകുന്നത് തടയാം.

**പ്രതിരോധ മാർഗങ്ങൾ**

■ തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കാനുപയോഗിക്കുക. തിളപ്പിച്ചതും തിളപ്പിക്കാത്തതുമായ കുടിവെള്ളം കൂടികലർത്തി ഉപയോഗിക്കരുത്.

■ പുറത്തുപോകുമ്പോൾ എപ്പോഴും തിളപ്പിച്ചാറിയ വെള്ളം കരുതുക.

■ ആഹാരം പാകം ചെയ്യുന്നതിനും വിളമ്പുന്നതിനും കഴിക്കുന്നതിനും മുമ്പും ശുചിമുറി ഉപയോഗിച്ച ശേഷവും പുറത്തുപോയി വന്നതിനു ശേഷവും കൈക ൾ സോപ്പ് ഉപയോഗിച്ച് നന്നായി കഴുകുക.

■ കിണറിന് ചുറ്റുമുള്ള പരിസരങ്ങളിൽ വൃത്തിഹീനമായ രീതിയി ൽ വെള്ളം കെട്ടിക്കിടക്കാതെയും കിണറിലെ വെള്ളം മലിനമാകാതെയും സൂക്ഷിക്കുക.

കൃത്യമായ ഇടവേളകളിൽ ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശമനുസരിച്ചു കിണ ർ വെള്ളം ക്ലോറിനേറ്റ് ചെയ്യുക. മഞ്ഞപ്പിത്ത ബാധയുള്ള പ്രദേശങ്ങളി ൽ കുടിവെള്ള സ്രോതസ്സുക ൾ സൂപ്പർ ക്ലോറിനേറ്റ് ചെയ്യുക. ഇത്തരത്തിൽ അണുവിമുക്തമായ ശുദ്ധമായ വെള്ളം മാത്രം പാകം ചെയ്യുവാനും പാത്രങ്ങൾ കഴുകുന്നതിനും പയോഗിക്കുക.

■ വൃത്തിഹീനമായ സാഹചര്യത്തിൽ പാചകം ചെയ്ത ആഹാരസാധനങ്ങളും ശീതളപാനീയങ്ങളും പഴകിയതും മലിനമായതുമായ ആഹാരവും കഴിക്കാതിരിക്കുക.

■ പഴവർഗ്ഗങ്ങളും പച്ചക്കറികളും നല്ലവണ്ണം കഴുകിയതിനുശേഷം മാത്രം ഉപയോഗിക്കുക.

■ ആഹാര സാധനങ്ങളും കുടിവെള്ളവും എപ്പോഴും അടച്ചു സൂക്ഷിക്കുക.

■ തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജ്ജനം ചെയ്യാതിരിക്കുക.

■ കുഞ്ഞുങ്ങളുടെ വിസർജ്ജ്യങ്ങൾ സുരക്ഷിതമായി ശൗച്യാലയത്തിലൂടെ മാത്രം നീക്കം ചെയ്യുക.

■ വീട്ടു പരിസരത്ത് മാലിന്യം കുന്നുകൂടാതെ ശ്രദ്ധിക്കുക. ഈച്ച ശല്യം ഒഴിവാക്കുക.

.രോഗബാധയുള്ള പ്രദേശങ്ങളി ൽ സ്കൂളുകളിലും കോളേജുകളിലും ജോലിസ്ഥലങ്ങളിലും മറ്റും ഭക്ഷണവും കുടിവെള്ളവും പങ്കുവച്ച് കഴിക്കുന്നത് ഒഴിവാക്കുക. ഉത്സവങ്ങ ൾ, ആഘോഷങ്ങ ൾ തുടങ്ങിയ സന്ദ ർഭങ്ങളി ൽ തിളപ്പിച്ചാറിയ വെള്ളം ഉപയോഗിച്ചുള്ള ഐസ് മാത്രം ശീതളപാനീയങ്ങളി ൽ ഉപയോഗിക്കുക.

രോഗബാധിതർ മറ്റുള്ളവരുമായുള്ള സമ്പർക്കം ഉണ്ടാകുമ്പോഴും പൊതുഇടങ്ങ ൾ സന്ദ ർശി ക്കുന്നതും രോഗവ്യാപനത്തിനു കാരണമാകാം.


രോഗിക ൾ ഉപയോഗിക്കുന്ന പാത്രങ്ങളും ആഹാരവും മറ്റു വസ്തുക്കളും മറ്റുള്ളവരുമായി പങ്കുവയ്ക്കരുത്.

ജീവിതശൈലീരോഗങ്ങളുള്ളവർ , പ്രായമായവ ർ , ഗർഭിണികൾ , ഗുരുതരരോഗബാധിതർ തുടങ്ങിയവരി ൽ കരളിന്റെ പ്രവർത്തനം തകരാറിലായി രോഗം ഗുരുതരമാകാ ൻ സാധ്യതയുള്ളതിനാൽ രോഗലക്ഷണങ്ങൾ കണ്ടാൽ സ്വയം ചികിത്സ ഒഴിവാക്കി അടുത്തുള്ള ആരോഗ്യ കേന്ദ്രത്തി ൽ നിന്നും കൃത്യമായ ചികിത്സ കാലതാമസം കൂടാതെതന്നെ തേടുക. ഇവർ കഴിവതും പൊതുഇടങ്ങൾ സന്ദ ർശി ക്കുന്നതും കൂടുതൽ ജനസമ്പർക്കം ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

പുറത്തുപോകുന്ന സന്ദർഭങ്ങളിൽ വെള്ളവും ഭക്ഷണവും ഒപ്പം കരുതുകയും പുറത്തുനിന്നുമുള്ള ആഹാരവും ശീതളപാനീയങ്ങളും കഴിക്കുന്നത് കഴിവതും ഒഴിവാക്കുവാനും ശ്രദ്ധിക്കുക.

മഞ്ഞപ്പിത്തം മൂലമുള്ള പനി മാറുന്നതിനായി ഡോക്ടറുടെ നിർദേശം ഇല്ലാതെ ഗുളികകൾ കഴിക്കാതിരിക്കുക.സർക്കാർ അംഗീകാരം ഇല്ലാത്ത ഒറ്റമൂലി ചികിത്സ കേന്ദ്രങ്ങളിൽ നിന്നും ചികിത്സ സ്വീകരിക്കാതിരിക്കുക. ലക്ഷണങ്ങൾ ശ്രദ്ധയിൽ പെട്ടാൽ ഉടൻ ചികിത്സ തേടുക .സ്വയം ചികിത്സ അരുത് .പരിശോധനയും ചികിത്സയും എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്.

## ശബരി എയർപോർട്ട് അന്തിമ റിപ്പോർട്ട് ഡിസംബർ 10ന് സമർപ്പിക്കും



**കോട്ടയം:** എരുമേലിയിൽ ശബരി എയർപോർട്ട് നിർമാണത്തിനു മുന്നോടിയായുള്ള സാമൂഹികാഘാത പഠനത്തിൻറെ അന്തിമ റിപ്പോർട്ട് ഡിസംബർ പത്തിന് ജില്ലാ കളക്ടർക്കു സമർപ്പിക്കും.

തൃക്കാക്കര ഭാരത് മാതാ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെൻറാണ് ഇക്കാര്യത്തിൽ പഠനം നടത്തി റിപ്പോർട്ട് തയാറാക്കുന്നത്. ഈ മാസാവസാനം എരുമേലിയിലും മുക്കടയിലും നടത്തുന്ന സോഷ്യൽ ഹിയറിംഗിൽ കരട് റിപ്പോർട്ട് അവതരിപ്പിക്കും. യോഗത്തിൽ ജില്ലാ കളക്ടറും തഹസീൽദാറും ഉൾപ്പെടെ സർക്കാർ പ്രതിനിധികൾ പങ്കെടുത്ത് ജനങ്ങളുടെ ആവലാതികൾക്കും ആശങ്കകൾക്കും മറുപടി പറയും. യോഗത്തിൽ ഉയരുന്ന പൊതു അഭിപ്രായങ്ങൾക്കൂടി ഉൾപ്പെടുത്തിയാണ് അന്തിമ റിപ്പോർട്ട് സർക്കാരിനു സമർപ്പിക്കുക.

തുടർന്ന് വിമാനത്താവളം നിർമാണവുമായി ബന്ധപ്പെട്ട സർക്കാർ സമിതി യോഗം ചേർന്ന് റിപ്പോർട്ട് വിലയിരുത്തി അനന്തര നടപടികളിലേക്കു കടക്കും. സ്ഥലം ഏറ്റെടുക്കുന്നവർക്കു നഷ്ടപരിഹാരം, സമയബന്ധിതമായ പുനരധിവാസം, തൊഴിൽ എന്നിവ ഉറപ്പാക്കുന്നതിൽ ഈ സമിതി തീരുമാനമെടുത്ത് ജനങ്ങളെ അറിയിക്കും.

ഉപാധികൾ സ്വീകാര്യമെങ്കിൽ തുടർ വിജ്ഞാപനം പുറപ്പെടുവിച്ച് ബിലീവേഴ്സ് ചർച്ചിൻറേതുൾപ്പെടെ എരുമേലി, മണിമല പഞ്ചായത്ത് പരിധിയിലെ 2,570 ഏക്കർ സ്ഥലം ഏറ്റെടുക്കും.

## രാമക്കല്ലിലേക്ക് ഇനി സഞ്ചാരികൾക്കു പോകാം

**നെടുങ്കണ്ടം:** രാമക്കൽമേട്ടിൽ തമിഴ്നാടിൻറെ വ്യൂ പോയിൻറായ രാമക്കല്ലിലേക്ക് സഞ്ചാരികളെ കടത്തിവിടാൻ അനുമതി ലഭിച്ചതോടെ നൂറുകണക്കിന് ആളുകളാണ് ദിവസവും രാമക്കല്ലിൻറെ സൗന്ദര്യം ആസ്വദിക്കാനെത്തുന്നത്.

കഴിഞ്ഞ മാസമാണ് തമിഴ്നാട് ഇവിടേക്കുള്ള പ്രവേശനം നിരോധിച്ചത്. സഞ്ചാരികൾ പ്ലാസ്റ്റിക്കും മറ്റ് വസ്തുക്കളും പുൽമേടുകളിൽ നിക്ഷേപിക്കുന്നതായി കണ്ടെത്തിയതിനെത്തുടർന്നാണ് നിരോധനം ഏർപ്പെടുത്തി ബോർഡ് സ്ഥാപിച്ചത്. തുടർന്ന് ഇരു സംസ്ഥാനങ്ങളിലെയും ജില്ലാ കളക്ടർമാർ ചർച്ച നടത്തിയതിൻറെ അടിസ്ഥാനത്തിലാണ് വിലക്ക് നീക്കിയത്.

ബോർഡ് നിലവിലുണ്ടെങ്കിലും സഞ്ചാരികൾക്ക് ഇവിടേക്ക് പ്രവേശനം നൽകുന്നുണ്ട്. പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യം മലമുകളിൽ ഉപേക്ഷിക്കരുതെന്ന ഉപാധിയോടെയാണ് തമിഴ്നാട് വീണ്ടും പാത തുറന്നിരിക്കുന്നത്. കേരള തമിഴ്നാട് അതിർത്തിയായ രാമക്കൽമേട്ടിലെ പ്രധാന ആകർഷണമാണ് രാമക്കല്ല് വ്യൂ പോയിൻറ്. ചെങ്കുത്തായ പാറക്കൂട്ടവും തമിഴ്നാടൻ കാർഷിക ഗ്രാമങ്ങളുടെ വിദൂര കാഴ്ചയും വീശിയടിക്കുന്ന കാറ്റുമാണ് സഞ്ചാരികളെ ഇങ്ങോട്ട് ആകർഷിക്കുന്നത്.

രാമക്കൽമേട്ടിലെത്തുന്ന സഞ്ചാരികളിൽ ഭൂരിഭാഗവും സമയം ചെലവഴിക്കുന്നത് കുറവൻ കുറത്തി പ്രതിമയുടെ സമീപമുള്ള പുൽമേട്ടിലും ആമക്കല്ല്, കാറ്റാടിപ്പാടം തുടങ്ങിയ പ്രദേശങ്ങളിലുമാണെങ്കിലും രാമക്കല്ലിലേക്ക് ട്രക്കിംഗ് ആഗ്രഹിച്ചെത്തുന്നവരും നിരവധിയാണ്.

രാമക്കല്ലിൽ തമിഴ്നാട് അധീന മേഖലയുടെ ടൂറിസം വികസനത്തിനായി വിവിധ പദ്ധതികളും തമിഴ്നാടിൻറെ പരിഗണനയിലുണ്ട്.

രാമക്കൽമേട്ടിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാൻ കരുണാപുരം ഗ്രാമപഞ്ചായത്ത് മുൻകൈയെടുക്കും. ഇതിനായി റവന്യു വകുപ്പ് പഞ്ചായത്തിന് ഒരേക്കറോളം സ്ഥലം അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിൻറെ നേതൃത്വത്തിൽ രാമക്കല്ല് മലനിരകളിൽ ഉൾപ്പെടെ വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ച് ഇവ എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ കളക്ട് ചെയ്യും. ഇതിനായി പ്രത്യേക ജീവനക്കാരെ നിയമിക്കും.

കൂടാതെ രാമക്കല്ലിലേക്കുള്ള പ്രവേശന കവാടത്തിൽ സഞ്ചാരികളിൽനിന്നു ചെറിയ തുക ഫീസായി വാങ്ങും. സഞ്ചാരികൾ കൊണ്ടുപോകുന്ന പ്ലാസ്റ്റിക്കുകളും മറ്റു വസ്തുക്കളും തിരികെയെത്തുമ്പോൾ പ്രവേശനകവാടത്തിൽ ഏൽപ്പിക്കണം. ഇങ്ങനെ ഏൽപ്പിക്കുമ്പോൾ വാങ്ങിയ തുക മടക്കി നൽകും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ആന്റിബയോട്ടിക്കുകളുടെ ഉപയോഗത്തിൽ 20 മുതൽ 30 ശതമാനം വരെ കുറവ് വന്നു: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** ആന്റിബയോട്ടിക്കുകളുടെ അനാവശ്യവും അശാസ്ത്രീയവുമായ ഉപയോഗം തടയാനുള്ള ആരോഗ്യ വകുപ്പിന്റെ ഇടപെടലുകളുടെ ഫലമായി ആന്റിബയോട്ടിക്കുകളുടെ ഉപയോഗത്തിൽ 20 മുതൽ 30 ശതമാനം വരെ കുറവ് ഉണ്ടായിട്ടുള്ളതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അതായത് അത്രയും ശതമാനം ആന്റിബയോട്ടിക്കുകൾ ആവശ്യമില്ലാതെ കഴിച്ചിരുന്നത് നിർത്തലാക്കുവാർ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സാധിച്ചു. മെഡിക്കൽ സ്റ്റോറുകൾ ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ ഇല്ലാതെ ആന്റിബയോട്ടിക്കുകൾ വിൽക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിച്ചു. ജനങ്ങൾക്ക് അത് വിളിച്ചറിയിക്കാവുന്ന ടോൾ ഫ്രീ നമ്പർ നൽകുകയും അവബോധം ശക്തമാക്കുകയും ചെയ്തു. എല്ലാ ആശുപത്രികളേയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കുമെന്നും മന്ത്രി വ്യക്തമാക്കി. ആന്റിബയോട്ടിക്കുകളുടെ അനാവശ്യവും അമിതവുമായ ഉപയോഗത്തിനെതിരെയുള്ള ബോധവത്ക്കരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം വട്ടിയൂർക്കാവ് യു.പി.എച്ച്.സി.യിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

എഎംആർ (ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ്) വാരാചരണത്തോടനുബന്ധിച്ച് സംസ്ഥാന വ്യാപകമായി വിവിധ തരത്തിലുള്ള എഎംആർ അവബോധ പരിപാടികൾ നടത്തി വരുന്നു. ആന്റിബയോട്ടിക് സാക്ഷരതയിൽ ഏറ്റവും പ്രധാനമാണ് അവബോധം. സാധാരണക്കാരിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായാണ് വീടുകളിലെത്തി ബോധവത്ക്കരണം നൽകുന്നത്. ആരോഗ്യ പ്രവർത്തകർക്കൊപ്പം മന്ത്രി വീണാ ജോർജും പങ്കു ചേർന്നു. വട്ടിയൂർക്കാവ് പ്രദേശത്തെ വീടുകളിൽ മന്ത്രി നേരിട്ടെത്തിയാണ് അവബോധം നൽകിയത്. ഈ ഒരാഴ്ച കൊണ്ട് പരമാവധി വീടുകളിൽ ആശ പ്രവർത്തകരെത്തി അവബോധം നൽകും.

ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയമായ ഉപയോഗം കാരണം 2050 ആകുമ്പോഴേക്കും ലോകത്ത് ഒരു കോടി ആളുകൾ ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് കൊണ്ട് മരണമടയും എന്നാണ് ലോകാരോഗ്യ സംഘടന കണക്കാക്കിയിരിക്കുന്നത്. ഇതുൾക്കൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് രാജ്യത്തിന് മാതൃകയായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. അതിന്റെ തുടർച്ചയായാണ് ഈ ബോധവത്ക്കരണവും.



# മഹാബലിപുരം ഹരിത വിനോദസഞ്ചാര കേന്ദ്രമാകും; ഗ്രീൻ ഡെസ്റ്റിനേഷൻസുമായി ധാരണാപത്രം ഒപ്പുവച്ച് അമൃത

**കൊല്ലം:** ഇന്ത്യയിലെ ആദ്യത്തെ ഹരിത വിനോദസഞ്ചാര കേന്ദ്രമായി മാറാനൊരുങ്ങി മഹാബലിപുരം. നെതർലാൻറ്സ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗ്രീൻ ഡെസ്റ്റിനേഷൻസുമായി മാതാ അമൃതാനന്ദമയി മഠിർ ട്രസ്റ്റ് ഇതുമായി ബന്ധപ്പെട്ട ധാരണാപത്രം ഒപ്പുവച്ചു.

ലോക പൈതൃക വാരാഘോഷത്തിൻറെ ഉദ്ഘാടന വേദിയിൽ കേന്ദ്ര സാംസ്കാരിക ടൂറിസം മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്തിൻറെ സാന്നിധ്യത്തിലാണ് മാതാ അമൃതാനന്ദമയി മഠിർ ട്രസ്റ്റ് പ്രോജക്ട് ഡയറക്ടർ മഹേഷ് ഗോപാലകൃഷ്ണൻ, ഗ്രീൻ ഡെസ്റ്റിനേഷൻസ് പ്രസിഡൻറ് ആൽബർട്ട് സൽമാൻ എന്നിവർ ചേർന്ന് ധാരണാപത്രത്തിൽ ഒപ്പുവച്ചത്.

80 ലധികം രാജ്യങ്ങളിൽ സസ്റ്റൈനബിൾ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്ന സംഘടനയാണ് ഗ്രീൻ ഡെസ്റ്റിനേഷൻസ്. ജിഎസ്ടിസി (ഗ്ലോബൽ സസ്റ്റൈനബിൾ ടൂറിസം കൗൺസിൽ) യുടെ അംഗീകാരമുള്ള ഗ്രീൻ ഡെസ്റ്റിനേഷൻസുമായി സഹകരിക്കുന്നതിലൂടെ ദക്ഷിണേഷ്യയിലെ ആദ്യത്തെ ലോക പൈതൃക കേന്ദ്രമായി മഹാബലിപുരം മാറും.

ഗ്രീൻ ഡെസ്റ്റിനേഷൻസ് ടാഗ് ലഭിക്കുന്നതോടെ തമിഴ്നാടിൻറേയും ഇന്ത്യയുടേയും ടൂറിസം രംഗത്തെ നാഴികക്കല്ലായി മഹാബലിപുരം മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്. എസ്ഡിജി (സസ്റ്റൈനബിൾ ഡെവലപ്പ്മെൻറ് ഗോൾസ്) നിർദേശങ്ങൾ പാലിച്ച് സംസ്കാരവും പൈതൃകവും അതേപടി നിലനിർത്തി ലോക ടൂറിസം ഭൂപടത്തിൽ ഇടം നേടുകയെന്ന മഹാബലിപുരത്തിൻറെ സ്വപ്നമാണ് ഗ്രീൻ ഡെസ്റ്റിനേഷൻസ് ടാഗ് ലഭിക്കുന്നതോടെ യാഥാർഥ്യമാകാൻ പോകുന്നത്.

അമൃത വിശ്വവിദ്യാപീഠം അമൃതപുരി കാമ്പസിൽ നടന്ന ചടങ്ങിൽ ലോക പൈതൃക വാരാഘോഷത്തിൻറേയും ഹെറിറ്റേജ് ക്ലബ്, ബി റോളേഴ്സ് ക്ലബ് എന്നിവയുടെ ഉദ്ഘാടനവും മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത് നിർവഹിച്ചു. അമൃത സ്കൂൾ ഓഫ് സ്പിരിചൽ ആൻഡ് കൾച്ചറൽ സ്റ്റഡീസ് പ്രിൻസിപ്പൽ അച്യുതാമൃത ചൈതന്യ, സിഐആർ വിഭാഗം മേധാവി വിശ്വനാഥാമൃത ചൈതന്യ, എൻജിനീയറിംഗ് വിഭാഗം ഡീൻ ഡോ. ബാലകൃഷ്ണൻ ശങ്കർ, ബിനോജ്, ഡോ. എം നിധീഷ്, ഗ്രീൻ ഡെസ്റ്റിനേഷൻസ് സിഇഒ മഹാദേവൻ പരശുരാമൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത് മാതാ അമൃതാനന്ദമയിയുമായി കൂടിക്കാഴ്ച നടത്തി.

## ശബരിമല തീർഥാടനം : അഞ്ചുദിവസത്തിനിടെ എത്തിയത് 3.17 ലക്ഷം പേർ

**ശബരിമല:** മണ്ഡലകാലം ആരംഭിച്ച് അഞ്ചുദിവസം പിന്നിടുമ്പോൾ 3,17,923 തീർഥാടകർ ശബരിമലയിൽ ദർശനം നടത്തി. ഇന്നലെ ഉച്ചകഴിഞ്ഞ് രണ്ടുവരെയുള്ള കണക്കനുസരിച്ചാണ് ഇത്രയും തീർഥാടകരെത്തിയത്. കഴിഞ്ഞവർഷം അഞ്ചുദിവസത്തിനുള്ളിൽ രണ്ടു ലക്ഷത്തോളം പേരാണ് ദർശനം നടത്തിയത്.

അഞ്ചു ദിവസം പിന്നിടുമ്പോൾ മുൻവർഷത്തെ അപേക്ഷിച്ച് അഞ്ച് കോടിയോളം രൂപയുടെ അധിക വരുമാനവും ദേവസ്വം ബോർഡിനുണ്ടായിട്ടുണ്ട്. ഇത്തവണ വൃശ്ചികം ഒന്നിന് 72,656 പേരും രണ്ടിന് 67,272 പേരും മൂന്നിന് 75,959 പേരും നാലിന് 64,489 പേരും ബുധൻ പകൽ രണ്ടു വരെ 37,552 പേരുമാണ് ദർശനം നടത്തിയത്. ഇതിൽ പത്തു ശതമാനത്തോളം മാത്രമാണ് സ്പോട്ട് ബുക്കിംഗിലൂടെ എത്തിയത്. നട തുറന്നിരിക്കുന്ന സമയം രണ്ടു മണിക്കൂർ വർധിപ്പിച്ചതും പതിനെട്ടാംപടി കയറ്റുന്നതിലെ വേഗതയും തിരക്ക് ഒഴിവാക്കാൻ സഹായിച്ചു.

## ഭാഗ്യക്കുറി ക്ഷേമനിധി: യൂണിഫോം വിതരണ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം നവംബർ 23 ന്

**കൊച്ചി:** സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി അംഗങ്ങൾക്കുള്ള സൗജന്യ യൂണിഫോം വിതരണ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം നവംബർ 23 ന് മൂന്നുമണിക്ക് എറണാകുളം ടി കെ രാമകൃഷ്ണൻ സ്മാരക സാംസ്കാരിക കേന്ദ്രത്തിൽ ചേരുന്ന യോഗത്തിൽ വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് നിർവഹിക്കും.

യോഗത്തിൽ ടി ജെ വിനോദ് എം എൽ എ അധ്യക്ഷനും കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ വിശിഷ്ടാതിഥിയുമായിരിക്കും. ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ് ചെയർമാൻ ടി ബി സുബൈർ മുഖ്യപ്രഭാഷണം നടത്തും. നഗരസഭ കൗൺസിലർ പദ്ജ എസ് മേനോൻ ആശംസകൾ അർപ്പിക്കും.

2009ൽ രൂപീകരിച്ച കേരള സംസ്ഥാന ഭാഗ്യക്കുറി തൊഴിലാളി ക്ഷേമനിധി ബോർഡ് നിരവധി ആനുകൂല്യങ്ങളാണ് അംഗങ്ങൾക്ക് ഇതുവരെ നൽകിട്ടുള്ളത്. ബീച്ച് അംബ്രല്ല, ഭിന്നശേഷിക്കാർക്ക് ട്രൈസ്കൂട്ടർ, വിവാഹ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ഓണം ബോണസ്, ചികിത്സാ സഹായം, പ്രസവ സഹായം, മരണാനന്തര ധനസഹായം, പെൻഷൻ, കുടുംബ പെൻഷൻ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എസ്ആർസി കമ്മ്യൂണിറ്റി കോളേജ് 2025 ജനുവരി സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റ് പ്രോഗ്രാമിലേക്ക് പ്ലസ് ടു അഥവാ തത്തുല്യ യോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം. പ്രോഗ്രാമിൽ മികവു പുലർത്തുന്നവർക്കു തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള സേവനങ്ങളും എയർപോർട്ട് മാനേജ്മെന്റ് രംഗത്തുള്ള ഏജൻസികളുടെ സഹകരണത്തോടെ ഉറപ്പാക്കും. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും തിരുവനന്തപുരത്ത് നന്ദാവനം പോലീസ് ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്ആർസി ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ: 9846033001. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഡിസംബർ 31.

## തൊഴിൽ അഭിമുഖം

**കൊച്ചി:** കൊച്ചിൻ യുണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോമോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ബിടെക് കമ്പ്യൂട്ടർ സയൻസ്, ബിസിഎ, എംസിഎ, എംബിഎ, ബിരുദം, ബിരുദാനന്തരം, മെക്കാനിക്കൽ, ഇലക്ട്രിക്കൽ ഡിപ്ളോമ, പ്ളസ്ടു തുടങ്ങിയ യോഗ്യതയുള്ളവർക്കു സ്വകാര്യ സ്ഥാപനങ്ങളിലെ 100 ഒഴിവുകളിലേക്ക് കുസാറ്റ് മോഡൽ കരിയർ സെന്ററിൽ (കോമൺ ഫസിലിറ്റി സെന്റർ) നവംബർ 23 ന് രാവിലെ 10 മുതൽ അഭിമുഖം നടത്തുന്നു. താല്പര്യമുള്ളവർ പേര്, വിദ്യാഭ്യാസ യോഗ്യത എന്നിവ ൗഴയസരവശ.ലാു@ഴാമശഹ.രീാ എന്ന ഇ മെയിൽ വിലാസത്തിലേക്ക് അയച്ച് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0484 2576756

## സംരംഭകത്വ ശില്പശാല

**കൊച്ചി:** പുതിയ സംരംഭം തുടങ്ങാൻ താത്പര്യപ്പെടുന്നവർക്കായി അന്താരാഷ്ട്ര തൊഴിൽ സംഘടനയും വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റും ചേർന്ന് എട്ടുദിവസത്തെ ശില്പശാല സംഘടിപ്പിക്കുന്നു. സംരംഭകർ ആകാൻ ആഗ്രഹിക്കുന്നവർക്ക് ഡിസംബർ അഞ്ചു മുതൽ 13 വരെ കളമശ്ശേരിയിലെ കീഡ് കാമ്പസിൽ നടത്തുന്ന വിവിധ സെഷനുകളിൽ പങ്കെടുക്കാം. താത്പര്യമുള്ളവർ http://kied.infot/raining-calender/ വെബ്സൈറ്റ് സന്ദർശിച്ച് ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 30 പേർ മാത്രം ഫീസ് അടച്ചാൽ മതി. ഫോൺ0484 2532890

# ഗ്രാമപഞ്ചായത്ത്, നഗരസഭ വാർഡ് വിഭജനം : കരട് വിജ്ഞാപനമായി : ആക്ഷേപങ്ങൾ ഡിസംബർ മൂന്ന് വരെ നൽകാം

**തൊടുപുഴ:** ജില്ലയിലെ ഗ്രാമപഞ്ചായത്ത്, നഗരസഭ പ്രദേശങ്ങളിലെ വാർഡുകൾ പുനർവിഭജിച്ചുകൊണ്ടുള്ള കരട് വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. നിർദിഷ്ട വാർഡിന്റെ അതിർത്തികളും ജനസംഖ്യയും ഭൂപടവുമാണ് കരട് വിജ്ഞാപനത്തോടൊപ്പമുള്ളത്. അതത് തദ്ദേശസ്ഥാപനങ്ങളിലും കളക്ടറേറ്റിലും ജില്ലാ ഇൻഫർമേഷൻ ഓഫീസ് , www.delimitation.lsgkerala.gov.in എന്ന വെബ്സൈറ്റിലും പരിശോധനയ്ക്ക് ലഭ്യമാണ്.

പൂർത്തീകരിച്ച മാപ്പുകൾ പൊതുജനങ്ങൾക്ക് കാണുവാനും പ്രിന്റ് എടുക്കുന്നതിനും പൂർണസുരക്ഷ ഉറപ്പാക്കി എച്ച്.റ്റി.എം.എൽ ഫോർമാറ്റിലാണ് വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളത്. ദേശീയ തലത്തിലും സംസ്ഥാനതലത്തിലും അംഗീകാരമുള്ള രാഷ്ട്രീയപാർട്ടികൾക്കും കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയപാർട്ടികൾക്കും കരട് വിജ്ഞാപനത്തിന്റെ മൂന്ന് പകർപ്പുകൾ വീതം സൗജന്യമായി ബന്ധപ്പെട്ട തദ്ദേശസ്ഥാപന സെക്രട്ടറി നൽകും. പകർപ്പ് ആവശ്യമുള്ള മറ്റുള്ളവർക്ക് പേജ് ഒന്നിന് മൂന്ന് രൂപയും ജി.എസ്.റ്റിയും ഈടാക്കി നൽകും.

2024 ഡിസംബർ 3 വരെ കരട് വിജ്ഞാപനം സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും നൽകാം. ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറിക്കോ, ജില്ലാ കളക്ടർക്ക് നേരിട്ടോ രജിസ്ട്രേർഡ് തപാലിലോ ആക്ഷേപങ്ങൾ നൽകാവുന്നതാണ്. ഡീലിമിറ്റേഷൻ കമ്മീഷന്റെ വിലാസം : സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ, കോർപ്പറേഷൻ ബിൽഡിംഗ് നാലാം നില, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം 695033 ഫോൺ: 0471 2335030.

ആക്ഷേപങ്ങൾക്കൊപ്പം ഏതെങ്കിലും രേഖകൾ ഹാജരാക്കാനുണ്ടെങ്കിൽ അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകണം. ലഭിക്കുന്ന ആക്ഷേപങ്ങളും അഭിപ്രായങ്ങളും ജില്ലാ കളക്ടർ മുഖേന അന്വേഷണം നടത്തി ഡീലിമിറ്റേഷൻ കമ്മീഷൻ പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിക്കും.

അന്വേഷണ ഉദ്യാഗസ്ഥർ ആവശ്യമെങ്കിൽ പരാതിക്കാരിൽ നിന്നും നേരിട്ട് വിവരശേഖരണം നടത്തും.ആവശ്യമെങ്കിൽ, പരാതിക്കാരെ നേരിൽ കേട്ട് കമ്മീഷൻ പരാതികൾ തീർപ്പാക്കും. അതിന് ശേഷം ആദ്യഘട്ട വാർഡ് പുനർവിഭജനത്തിന്റെ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കും.

പഞ്ചായത്തുകളുടെ നിയോജകമണ്ഡലങ്ങളുടെ എണ്ണം നിശ്ചയിച്ച് തദ്ദേശസ്വയംഭരണവകുപ്പ് റൂറൽ ഡയറക്ടറും. മുനിസിപ്പാലിറ്റിയിലെ വാർഡുകളുടെ എണ്ണം നിശ്ചയിച്ച് സർക്കാരും വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. സ്ത്രീകൾക്കും, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുമുള്ള സംവരണ വാർഡുകളുടെ എണ്ണവും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

ഈ വർഷം സെപ്തംബർ 24 ന് വാർഡ് പുനർവിഭജനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. മൂന്ന് ഘട്ടങ്ങളിലായാണ് പുനർവിഭജനപ്രക്രിയ നടക്കുന്നത്. ആദ്യഘട്ടത്തിൽ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലും, രണ്ടാം ഘട്ടത്തിൽ ബ്ളോക് പഞ്ചായത്തുകളിലും, മൂന്നാം ഘട്ടത്തിൽ ജില്ലാ പഞ്ചായത്തുകളിലും എന്നിങ്ങനെയാണ് വാർഡ് പുനർവിഭജനം നടത്തുന്നത്.

# സമന്വയം പദ്ധതി: തീരദേശ മേഖലയിൽ രജിസ്ട്രേഷൻ ക്യാമ്പ് നടത്തി

**തിരുവനന്തപുരം:** സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും കേരള നോളജ് ഇക്കോണമി മിഷനും സംയുക്തമായി നടപ്പിലാക്കുന്ന 'സമന്വയം' പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം തീരദേശ മേഖലയിലെ തൊഴിൽരഹിതർക്കായി രജിസ്ട്രേഷൻ ക്യാമ്പ് നടത്തി. വള്ളക്കടവ് കൺവെൻഷൻ സെന്ററിൽ കമ്മീഷൻ ചെയർമാൻ അഡ്വ. എ.എ റഷീദ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നായി 480 ഉദ്യോഗാർത്ഥികൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു..

സമന്വയം രജിസ്ട്രേഷൻ ക്യാമ്പയിനുകൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 18നും 59നും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യർക്ക് ഈ പദ്ധതി ഗുണപ്രദമാകുമെന്നും 2024 ഡിസംബറിനുള്ളിൽ ഒരു ലക്ഷം തൊഴിൽരഹിതർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്നും അഡ്വ. എ.എ റഷീദ് പറഞ്ഞു.

കമ്മീഷൻ അംഗം എ. സൈഫുദ്ദീൻ ഹാജി അദ്ധ്യക്ഷത വഹിച്ചു. കൗൺസിലർമാരായ ഷാജിത നാസർ, സെറാഫിൻ ഫ്രെഡി, സമന്വയം ജില്ലാ കോഓർഡിനേറ്റർ അബ്ദുൾ അയൂബ്, എം. കെ അഷ്റഫുദ്ദീൻ, മുഹമ്മദ് അലിം, എസ്.എം ഹനീഫ തുടങ്ങിയവർ സംസാരിച്ചു.

കേരള നോളജ് ഇക്കോണമി മിഷൻ പ്രതിനിധികളായ നിതീഷ് റ്റി. എസ്, ജസ്റ്റിൻ മാത്യു, ധന്യ പവിത്രൻ എന്നിവർ പദ്ധതിയും സേവനങ്ങളും പരിചയപ്പെടുത്തി. ന്യൂനപക്ഷ യുവജനങ്ങൾക്ക് ഒരു ലക്ഷം തൊഴിലവസരങ്ങൾ നൽകുന്നതാണ് സമന്വയ പദ്ധതി.

# ചരിത്രസ്മൃതികൾ കാത്തുസൂക്ഷിക്കേണ്ടത് പുതിയ തലമുറയോട് കാണിക്കേണ്ട ധർമ്മം: മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

**കണ്ണൂർ:** ചരിത്ര സ്മൃതികൾ കാത്തുസൂക്ഷിക്കേണ്ടത് പുതിയ തലമുറയോട് കാണിക്കേണ്ട ചരിത്രപരമായ ധർമ്മമാണെന്ന് രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. ലോക പൈതൃക വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം പയ്യാമ്പലം കൈത്തറി മ്യൂസിയത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. കഴിഞ്ഞ എട്ട് വർഷത്തിനിടെ സംസ്ഥാനത്തുടനീളം വ്യത്യസ്തങ്ങളായ വിഷയങ്ങളിൽ 22 മ്യൂസിയങ്ങൾ സ്ഥാപിച്ചതായി മന്ത്രി പറഞ്ഞു. മ്യൂസിയങ്ങൾ ഇല്ലാതിരുന്ന കണ്ണൂരിൽ ഏഴോളം മ്യൂസിയങ്ങളുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്. കണ്ണൂരിൽ കൈത്തറി മ്യൂസിയം, പയ്യന്നൂരിൽ ഗാന്ധി സ്മൃതി മ്യൂസിയം, കണ്ണൂർ സയൻസ് പാർക്കിലെ പുരാരേഖാ മ്യൂസിയം, കണ്ടോന്താറിൽ പ്രാദേശിക ചരിത്ര മ്യൂസിയം എന്നിവ നാടിന് സമർപ്പിച്ചു. പെരളശ്ശേരിയിലെ എകെജി സ്മൃതി മ്യൂസിയം, കടന്നപ്പള്ളിയിലെ തെയ്യം മ്യൂസിയം, ചെമ്പന്തൊട്ടിയിലെ ബിഷപ്പ് വെള്ളോപ്പള്ളി സ്മാരക കുടിയേറ്റ മ്യൂസിയം എന്നിവ നിർമ്മാണത്തിലാണ്. കഥ പറയുന്ന മ്യൂസിയങ്ങളായാണിവ സജ്ജീകരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

1924ൽ ലണ്ടനിലെ വെംബ്ലി എക്സിബിഷനിൽ പ്രദർശിപ്പിച്ച തിരുവിതാംകൂർ രാജവംശത്തിന്റെ പരമ്പരാഗത തുണിത്തരങ്ങളുടെ പ്രത്യേക പ്രദർശനം കൈത്തറി മ്യൂസിയത്തിൽ മന്ത്രി ഉദ്ഘാടനം ചെയ്തു. ഈ തുണിത്തരങ്ങൾ നൂറു വർഷങ്ങൾക്ക് ശേഷമാണ് ലോക പൈതൃക വാരാചരണത്തിന്റെ ഭാഗമായി ആദ്യമായി പ്രദർശിപ്പിക്കുന്നത്. ഗോൾഡൻ എംബ്രോയ്ഡറി ടേബിൾ മാറ്റ്, അലങ്കാര പായ ഡോയിലി, പർപ്പിൾ സെൻറർ എംബ്രോയ്ഡറി ലേയ്സ്, കോർസെറ്റ് എന്നിവ പ്രദർശനത്തിലുണ്ട്. പ്രദർശനം 20നും ഉണ്ടാവും.

കണ്ണൂർ കോർപറേഷൻ മേയർ മുസ്ലിഹ് മഠത്തിൽ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് അഡ്വ. കെ കെ രത്നകുമാരി, ജില്ലാ കലക്ടർ അരുൺ കെ വിജയൻ എന്നിവർ വിശിഷ്ടാതിഥികളായി. കോർപറേഷൻ കൗൺസിലർ പി വി ജയസൂര്യൻ, കൈത്തറി ക്ഷേമനിധി ബോർഡ് ചെയർമാൻ അരക്കൻ ബാലൻ, കേരള ദിനേശ് ചെയർമാൻ എംകെ ദിനേശ്ബാബു, മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ ഇൻ ചാർജ് പിഎസ് മഞ്ജുളാദേവി, ഹാൻവീവ് എംഡി അരുണാചലം സുകുമാർ, ഹാൻവീവ് ഡയറക്ടർ താവം ബാലകൃഷ്ണൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ പി പി വിനീഷ്, കോഴിക്കോട് കൃഷ്ണമേനോൻ ആർട് ഗ്യാലറി ആൻഡ് മ്യൂസിയം സൂപ്രണ്ട് പിഎസ് പ്രിയരാജൻ, രാഷ്ട്രീയപാർട്ടി നേതാക്കളായ വെള്ളോറ രാജൻ, എം ഉണ്ണികൃഷ്ണൻ, രാകേഷ് മന്ദമ്പേത്ത്, അസ്ലം പിലാക്കീൽ എന്നിവർ സംസാരിച്ചു.

'മലബാറിന്റെ പൈതൃകം' എന്ന വിഷയത്തിൽ യു.പി., ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിദ്യാർഥികൾക്കായി പ്രശ്നോത്തരിയും സംഘടിപ്പിച്ചു.

# കൊച്ചി ബിനാലെ 2025 ഡിസംബർ 12 മുതൽ 2026 മാർച്ച് 31 വരെ

**തിരുവനന്തപുരം:** വൻകരകളിലെ സമകാലിക കലകൾ പ്രദർശിപ്പിക്കുന്ന കൊച്ചി മുസിരിസ് ബിനാലെയുടെ ആറാം പതിപ്പ് 2025 ഡിസംബർ 12 മുതൽ 2026 മാർച്ച് 31 വരെ നടക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രശസ്ത ആർട്ടിസ്റ്റായ നിഖിൽ ചോപ്രയും എച്ച് എച്ച് ആർട്ട് സ്പേസസും ബിനാലെയുടെ പുതിയ പതിപ്പ് ക്യൂറേറ്റ് ചെയ്യുമെന്നും ഹോട്ടൽ വിവാന്തയിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

ബിനാലെയുടെ ആറാം പതിപ്പ് അവിസ്മരണീയമാകും. കലയുടേയും സമൂഹത്തിന്റേയും സംവാദത്തിന്റേയും ഒത്തുചേരലിന് വേദിയാകുന്ന ആഗോള പരിപാടിയിൽ ഭാഗമാകാൻ കേരളത്തിലെയും രാജ്യത്തേയും ലോകമെമ്പാടുമുള്ള ആസ്വാദകരേയും ക്ഷണിക്കുന്നതായും മുഖ്യമന്ത്രി അറിയിച്ചു. തത്സമയ പ്രകടനം, ചിത്രകല,ഫോട്ടോഗ്രാഫി, ശിൽപം, ഇൻസ്റ്റലേഷൻ എന്നിവ സമന്വയിപ്പിക്കുന്ന കലാകാരനാണ് ക്യൂറേറ്ററായി തിരഞ്ഞെടുക്കപ്പെട്ട നിഖിൽ ചോപ്രയെന്നും മുഖ്യമന്ത്രി പരിചയപ്പെടുത്തി.

കലാ മേഖലയിൽ അന്താരാഷ്ട്ര തലത്തിൽ പ്രശസ്തരായ ഷാനയ് ഝവേരി, ദയാനിത സിംഗ്, റജീബ് സന്ദാനി, ജിതീഷ് കല്ലാട്ട്, ബോസ് കൃഷ്ണമാചാരി എന്നിവരടങ്ങിയ സമിതിയാണ് ക്യൂറേറ്ററെ തെരഞ്ഞെടുത്തത്.

ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ് സന്നിഹിതനായിരുന്നു. കൊച്ചി ബിനാലെ ഫൗണ്ടേഷൻ ചെയർപേഴ്സണും മുൻ ചീഫ് സെക്രട്ടറിയുമായ ഡോ വി വേണു സ്വാഗതം ആശംസിച്ച ചടങ്ങിൽ ശശി തരൂർ എംപി ഓൺലൈനായി പങ്കെടുത്തു. കൊച്ചി ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി, ട്രസ്റ്റിമാർ, ഉപദേശകസമിതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# ഉത്സവങ്ങളിൽ നാട്ടാനകളുടെ സംരക്ഷണം ഉറപ്പു വരുത്തും: മന്ത്രി എ കെ ശശീന്ദ്രൻ

**തിരുവനന്തപുരം:** കേരളീയ തനിമയോടെ ആചാരങ്ങളിലും ഉത്സവങ്ങളിലും ആന എഴുന്നള്ളിപ്പ് നിലനിർത്തുന്നതോടൊപ്പം നാട്ടാനകളുടെ ആരോഗ്യവും സംരക്ഷണവും ഉറപ്പുവരുത്തുമെന്ന് വനം വന്യജീവി വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ പറഞ്ഞു. കേരള ക്യാപ്റ്റീവ് എലിഫന്റ് കരട് ചട്ടത്തിന്മേലുള്ള ചർച്ചയും നാട്ടാന പരിപാലനം ഉപയോക്താക്കളുടെ സംസ്ഥാനതലയോഗവും തിരുവനന്തപുരത്തെ സോഷ്യൽ ഫോറസ്ട്രി ട്രെയിനിങ് കോംപ്ലക്സിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

രാജ്യത്ത് ആദ്യമായി നാട്ടാന പരിപാലന ചട്ടങ്ങൾ നടപ്പിലാക്കിയ സംസ്ഥാനം കേരളമാണ്. 2003ൽ ആദ്യമായി വന്ന ചട്ടം 2012ൽ ഭേദഗതി ചെയ്തതാണ് നിലവിൽ പ്രാബല്യത്തിലുള്ളത്. 2018 ലെ നാട്ടാന സെൻസസ് പ്രകാരം കേരളത്തിൽ 521 നാട്ടാനകളുണ്ടായിരുന്നു. നിലവിലെ കണക്ക് പ്രകാരം 381 നാട്ടാനകൾ ഉള്ളതിൽ 39 എണ്ണം വനം വകുപ്പിന്റെ സംരക്ഷണയിലുള്ളതാണ്. ആനകളുടെ എണ്ണത്തിൽ കുറവ് വന്നതും ഉത്സവങ്ങളിലടക്കം ആനകൾക്ക് ആവശ്യം കൂടിയ സാഹചര്യം നിലവിലുണ്ട്. ഇതോടെ ആനകളുടെ പ്രദർശനവും ഉപയോഗവും നിയന്ത്രണാതീതമായി വർദ്ധിച്ചു.

ആനകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ പ്രകൃതി, വന്യജീവി സംഘടനകളുടെ നിർദേശങ്ങളും വിവിധ കോടതി ഇടപെടലുകളും സർക്കാർ പ്രാധാന്യത്തോടെ കാണുന്നു. ഇന്നത്തെ സാഹചര്യങ്ങളുടെയും പ്രായോഗിക അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ കുറ്റമറ്റ രീതിയിലുള്ള കേരള ക്യാപ്റ്റീവ് എലിഫന്റ് (മാനേജ്മെന്റ് & മെയിന്റനൻസ്) കരട് ചട്ടം 2023ൽ തയാറാക്കി. ആനകളുടെ ഉടമസ്ഥർ, ഉത്സവ നടത്തിപ്പുകാർ, ആന പരിപാലന സംഘടനകൾ എന്നിവരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും കൂടി പരിഗണിച്ച് ചട്ടം നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആനകളെ എഴുന്നള്ളിക്കുന്നതിലും അവയുടെ കൃത്യമായ സംരക്ഷണം ഉറപ്പു വരുത്തുന്നതുമായി ബന്ധപ്പെട്ട് മികച്ച രീതിയിൽ ചട്ടങ്ങൾ രൂപപ്പെടുത്താൻ ഇന്നത്തെ ചർച്ചയിലൂടെ സാധിക്കുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

ഗതാഗത വകുപ്പ് മന്ത്രി കെ. ബി. ഗണേഷ് കുമാർ മുഖ്യപ്രഭാഷണം നടത്തി.

സൊസൈറ്റി ടുഡേ
SOCIETY TODAY




## ടെൻപിൻ ബൗളിംഗ് ചാമ്പ്യൻഷിപ്പ്

# കേരള ടീമിൽ 11 പേർ; മത്സരം നവംബർ 23 മുതൽ ബംഗളുരുവിൽ

**കൊച്ചി:** ബംഗളുരുവിൽ നവംബർ 23മുതൽ നടക്കുന്ന 33ാ മത് ദേശിയ ടെൻപിൻ ബൗളിങ് ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ച് പുരുഷ വനിത വിഭാഗത്തിൽ 11പേർ മത്സരിക്കുമെന്ന് ടെൻപിൻ ബൗളിംഗ് അസോസിയേഷൻ കേരള പ്രസിഡന്റ് ജോതിഷ് ജോസഫ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.വനിത വിഭാഗത്തിൽ സുചിത സുനിൽകുമാർ,രേഷ്മ കേശവൻ എന്നിവരും പുരുഷ വിഭാഗത്തിൽ എൻ.എച്ച്.ഷമീദ്,ജോതിഷ് ജോസഫ്,നഹാസ് അഹമ്മദ്,ഷാബിൻ ഇബ്രാഹിം,കെ.വി.വിനീഷ്,എ.എൽ. ശ്രീനിവാസൻ,അലി ഉവൈസ്,അമിത് ഉപാധ്യായ്,അജി വർഗീസ് എന്നിവരും പങ്കെടുക്കും.ടെൻപിൻ ബൗളിങ് ഫെഡറേഷൻ ഇന്ത്യയിലും വിദേശത്തുമായി നടത്തിയ വിവിധ റാങ്കിങ് ടൂർണമെന്റുകളിൽ നിന്ന് ശ്രദ്ധേയമായ പ്രകടനങ്ങളിലൂടെ ദേശീയ തലത്തിൽ യോഗ്യത നേടിയവരാണ് ടൂർണമെന്റിൽ പങ്കെടുക്കുന്നത്. കൊച്ചി ലുലു ഫൺട്യൂറയാണ് കേരള ടീമിന്റെ ഔദ്യോഗിക സ്പോൺസർ. ടെൻപിൻ ബൗളിംഗ് അസോസിയേഷൻ കേരള ഭാരവാഹികളായ എൻ.എച്ച്.ഷെമീദ്, ജോസഫ് ചിറ്റിലപ്പിള്ളി,ലുലു റിജിയണൽ മാനേജർ എം.മണികണ്ഠൻ, ടീം അംഗങ്ങളും വാർത്താ സമ്മേളത്തിൽ പങ്കെടുത്തു.

# വയനാട് മെഡിക്കൽ കോളേജിൽ കരാർ അടിസ്ഥാനത്തിൽ നിയമനം

**തിരുവനന്തപുരം:** വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ വിഭാഗങ്ങളിലായി (ജനറൽ മെഡിസിൻ, റെസ്പിറേറ്ററി മെഡിസിൻ, ഒബിജി, റേഡിയോ ഡയഗ്നോസിസ്, ജനറൽ സർജറി, ഓർത്തോപീഡിക്സ്, സൈക്യാട്രി) സീനിയർ റസിഡന്റ് തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിലേക്കും (ഓർത്തോപീഡിക്സ്, ഓഫ്താൽമോളജി, ഇഎൻടി) വിഭാഗങ്ങളിലായി ഒരു മാസത്തിനുള്ളിൽ നിലവിൽ വരുന്ന പ്രതീക്ഷിത ഒഴിവുകളിലേക്കും കരാർ അടിസ്ഥാനത്തിലുള്ള നിയമനത്തിനായി നവംബർ 28ന് ഇന്റർവ്യൂ നടത്തും. പ്രതിമാസം 73,500 രൂപ ഏകീകൃത ശമ്പളത്തിൽ ഒരു വർഷത്തേക്കാണ് നിയമനം. എം.ബി.ബി.എസ് ബിരുദവും എം.ഡി/എം.എസ്/ഡിഎൻബിയും ടിസിഎംസി/ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുമുള്ള ഡോക്ടർമാക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്. താത്പര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന അസൽ അനുബന്ധ രേഖകൾ സഹിതം നവംബർ 28ന് രാവിലെ 11ന് വയനാട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ ഓഫീസിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം.

# ലോക ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സിഗ്നേച്ചർ ക്യാമ്പയിൻ സംഘടിപ്പിച്ചു

**കാഞ്ഞങ്ങാട്:** ജില്ലാ മെഡിക്കൽ ഓഫീസും (ആരോഗ്യം) ദേശീയാരോഗ്യ ദൗത്യവും സംയുക്തമായി ലോക ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് വാരാചരണത്തിന്റെ ഭാഗമായി സിഗ്നേച്ചർ ക്യാമ്പയിൻ സംഘടിപ്പിച്ചു. കാഞ്ഞങ്ങാട് പഴയ ബസ്സ്റ്റാർഡ് പരിസരത്ത് സംഘടിപ്പിച്ച ക്യാമ്പയിന്റെ ഉദ്ഘാടനം കാഞ്ഞങ്ങാട് നഗരസഭ ചെയർപേഴ്സൺ കെ വി സുജാത നിർവഹിച്ചു. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ കെ.വി സരസ്വതി , ദേശീയാരോഗ്യ ദൗത്യം പ്രോഗ്രാം മാനേജർ സച്ചിൻ സെൽവ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം.മധുസൂദനൻ, എ.എം.ആർ നോഡൽ ഓഫീസർ ഡോ.ബിപിൻ കെ.നായർ, പ്രൈവറ്റ് ഫാർമസി അസോസിയേഷൻ പ്രസിഡന്റ് കൃഷ്ണ വർമ്മ രാജ, സീമറ്റ് കോളേജ് ഓഫ് നേഴ്സിംഗ് ഉദുമ സീനിയർ ലക്ച്ചറർ എ.ആർ രമ്യ, ഡെപ്യൂട്ടി ജില്ലാ എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർമാരായ എൻ പി പ്രശാന്ത്, എസ്.സയന, ജില്ലാ എ.എം.ആർ കമ്മിറ്റി അംഗം വിനോദ് കുമാർ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ഹെൽത്ത് ഇൻസ്പെകടർ രമേശൻ എന്നിവർ സംസാരിച്ചു.

# പട്ടികവർഗ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കും: മന്ത്രി ഒ ആർ കേളു

**തിരുവനന്തപുരം:** പട്ടിക വർഗ സമൂഹത്തിന്റെ ക്ഷേമ പ്രവർത്തനങ്ങളടക്കം മുഴുവൻ പദ്ധതികളും കൂടുതൽ കാര്യക്ഷമമാക്കി വേഗത്തിലാക്കുന്ന നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് പട്ടികജാതി, പട്ടികവർഗ, പിന്നോക്കക്ഷേമ വികസന വകുപ്പ് മന്ത്രി ഒ ആർ കേളു അഭിപ്രായപ്പെട്ടു. തിരുവനന്തപുരം വികാസ് ഭവനിൽ നടന്ന ചടങ്ങിൽ പട്ടിക വർഗ ഓഫീസുകളിൽ നടപ്പിലാക്കിയ ഇ ഓഫീസ് സംവിധാനം, പദ്ധതികളുടെ പ്രവർത്തന അവലോകന യോഗം എന്നിവ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. പട്ടികവർഗ വികസന വകുപ്പിന്റെ മുഴുവൻ ഓഫീസുകളിലും ഇ ഓഫീസ് സംവിധാനം നിലവിൽ വരുന്നതോടെ നടപടികൾ കൂടുതൽ വേഗതയും സുതാര്യതയും ഉറപ്പാകും. ഏറ്റവും പാവപ്പെട്ടവരുടെ ക്ഷേമം ഉറപ്പാക്കുന്ന സംവിധാനം എന്ന നിലയിൽ വകുപ്പിന് വളരെ പ്രാധാന്യമുണ്ട്. ഇഗ്രാന്റ്സ് തുക വിതരണം ചെയ്തതടക്കം സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നു എന്നത് അഭിമാനകമാണ്. പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ സേവനം ഉറപ്പുവരുത്താൻ കഴിയുന്ന ഓഫീസ് സംവിധാനങ്ങളും നടപടികളും ഉറപ്പുവരുത്തണമെന്ന് മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ഫോൺ വിളികൾക്ക് കൃത്യമായി മറുപടി നൽകുക, സെക്ഷനുകൾ സൂചിപ്പിക്കുന്ന കൃത്യമായ ബോർഡ് പ്രദർശിപ്പിക്കുക, ഫയലുകൾ സമയബന്ധിതമായി പരിശോധിക്കുക എന്നിവ ഇതിൽ പ്രധാനമാണ്.

ചികിൽസാ ധനം, വിദ്യാഭ്യാസ സ്കോളർഷിപ്പ് തുടങ്ങിയവയിൽ കാലതാമസം ഉണ്ടാകാതെ ശ്രദ്ധിക്കണമെന്നും മന്ത്രി പറഞ്ഞു. വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി പ്രസിദ്ധീകരിച്ച സർവേ റിപ്പോർട്ടിലെ വിവരങ്ങൾ വകുപ്പിന്റെ തുടർപ്രവർത്തനങ്ങൾക്ക് ഗുണകരമാകും. സർവേ റിപ്പോർട്ടിലെ ഡേറ്റ പരിശോധിച്ച് അവലോകനം നടത്തി തുടർ പ്രവർത്തനങ്ങൾക്കായി സർക്കാർ ഉപയോഗിക്കുമെന്നും മന്ത്രി പറഞ്ഞു.ചടങ്ങിൽ സർവേ റിപ്പോർട്ട് ഡയറക്ടർ ഡോ.രേണു രാജ് മന്ത്രിക്ക് കൈമാറി.

പട്ടിക വർഗ വകുപ്പ് ഡയറക്ടർ ഡോ. രേണുരാജ്, ജോയിന്റ് ഡയറക്ടർ കെ എസ് ശ്രീരേഖ, ഡെപ്യൂട്ടി ഡയറകർമാരായ ബിബിൻ ദാസ് വൈ, എസ് ഷുമിൻ ബാബു തുടങ്ങിയവർ സംബന്ധിച്ചു.



**ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻറെ സഹായത്തോടെ അങ്കമാലി ഫിസാറ്റ് എഞ്ചിനീയറിംഗ് കോളേജിൽ നടന്ന ത്രിദിന സെമിനാർ ഡോ അച്യുത് ശങ്കർ എസ് നായർ ഉത്ഘാടനം ചെയ്യുന്നു. ഡോ എലിസബത്ത് ജോർജ്, ഡോ ജി ഉണ്ണികർത്ത, ഡോ പി ആർ മിനി, വി ഓ പാപ്പച്ചൻ, ഇ കെ രാജവർമ്മ, ഡോ ജേക്കബ് തോമസ്, പി ആർ ഷിമിത്ത്, ഡോ സി ആർ രജീഷ് എം പി അബ്ദുൽ നാസർ തുടങ്ങിയവർ സമീപം**

# ഹരിത ഊർജവും സുസ്ഥിരതയും വിദ്യാഭ്യാസ സെമിനാർ ഫിസാറ്റിൽ

**അങ്കമാലി:** ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻറെ സഹായത്തോടെ മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന സംസ്ഥാന തല സെമിനാറിന് അങ്കമാലി ഫിസാറ്റ് എഞ്ചിനീയറിംഗ് കോളേജിൽ തുടക്കമായി. ആദ്യമായിട്ടാണ് ഇ വർഷം എ ഐ സി ടി ഇയുടെ സഹായത്തോടെ പ്രാദേശിക ഭാഷയായ മലയാളത്തിൽ ഒരു സെമിനാർ കേരളത്തിൽ നടക്കുന്നത്. ഹരിത ഊർജവും സുസ്ഥിരതയും ആഗോള താപനത്തിനെതിരെ എന്ന വിഷയത്തെ കേന്ദ്രികരിച്ചു നടക്കുന്ന സെമിനാറിൽ കേരളത്തിലെ ഗവേഷണ മേഖലയിൽ പ്രവർത്തിക്കുന്ന നൂറോളം പ്രഗത്ഭർ പരിപാടിയുടെ ഭാഗമാകുന്നുണ്ട് സി ഡാക് മുൻ ഡയറക്ടറും പ്രോഫെസ്സറുമായ ഡോ അച്യുത് ശങ്കർ എസ് നായർ പരിപാടി ഉത്ഘാടനം ചെയ്തു ഫിസാറ്റ് ചെയർമാൻ പി ആർ ഷിമിത്ത് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന പരിപാടിയിൽ അധ്യാപർക്ക് പുറമെ ഗവേഷണ വിദ്യാർത്ഥികളും ഭാഗമാകുന്നുണ്ട്. ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻറെ കിഴിൽ വൈബ്രൻറ് അഡ്വക്കസി ഫോർ അഡ്വാൻസ്മെൻറ് ആൻഡ് നേർച്ചറിങ് ഓഫ് ഇന്ത്യൻ ലാംഗ്വേജ് സ് (വാണി) എന്ന പദ്ധതിയുടെ ഭാഗമായിട്ടാണ് പരിപാടി സംഘടിപ്പിച്ചത്. മുന്ന് ദിവസങ്ങളിലായി പത്തോളം വിദഗ്ദ്ധർ സെമിനാറിൽ ക്ലാസുകൾ നയിക്കും. ചടങ്ങിൽ എഫ് ബി ഓ എ ഇ എസ് അസ്സോസിയേറ്റ് സെക്രട്ടറി എം പി അബ്ദുൽ നാസർ, മാനേജ്മെൻറ് കമ്മിറ്റി അംഗങ്ങളായ വി ഓ പാപ്പച്ചൻ, ഇ കെ രാജവർമ്മ പ്രിൻസിപ്പൽ ഡോ ജേക്കബ് തോമസ്, വൈസ് പ്രിൻസിപ്പൽ ഡോ പി ആർ മിനി, ഡീൻ ഡോ ജി ഉണ്ണികർത്ത, ഡോ എലിസബത്ത് ജോർജ്, പ്രോഗ്രാം കോ ഓർഡിനേറ്റർ ഡോ സി ആർ രജീഷ് തുടങ്ങിയവർ പങ്കെടുത്തു .

# സംരംഭകത്വ സഹായ പദ്ധതി: ജില്ലയിൽ ഈ സാമ്പത്തിക വർഷം അനുവദിച്ചത് 18.28 കോടി

**കൊച്ചി:** സംരംഭകത്വ സഹായ പദ്ധതി വഴി സംരംഭകർക്ക് ഈ സാമ്പത്തിക വർഷം നാല് ജില്ലാതല കമ്മിറ്റികൾ അനുവദിച്ചത് 18 കോടി 28 ലക്ഷം രൂപയുടെ ധനസഹായം. 129 അപേക്ഷകളാണ് ഇതു വരെ പരിഗണിച്ചത്.ഈ സാമ്പത്തിക വർഷത്തെ നാലാമത്തെ കമ്മിറ്റി ജില്ലാ വികസന കമ്മീഷണർ അശ്വതി ശ്രീനിവാസിന്റെ അധ്യക്ഷതയിൽ ചേർന്നു. ഈ യോഗത്തിൽ 30 അപേക്ഷകളിൽ 4 കോടി 08 ലക്ഷം രൂപയാണ് അനുവദിച്ചത്. അപേക്ഷകൾ കാലതാമസം ഒഴിവാക്കി പരമാവധി വേഗത്തിൽ തീർപ്പാക്കുന്നതിനും, അനുവദിക്കപ്പെട്ട തുക എത്രയും വേഗം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുവാൻ കമ്മീഷണർ ആവശ്യപ്പെട്ടു.

# ലഹരിക്കെതിരായ പോരാട്ടത്തിന് നിരന്തര ഇടപെടൽ അനിവാര്യം: ജില്ലാ കളക്ടർ എൻ. എസ്.കെ. ഉമേഷ്

**കൊച്ചി:** സാങ്കേതിക വിദ്യയുടെ വളർച്ചയ്ക്കൊപ്പം സാമൂഹ്യ തിന്മകളും വളരുന്ന കാലഘട്ടത്തിൽ ലഹരിക്കെതിരായ പോരാട്ടത്തിന് നിരന്തര ഇടപെടൽ അനിവാര്യമാണെന്ന് ജില്ലാ കളക്ടർ എൻ. എസ്.കെ. ഉമേഷ്. സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ പൊതുജന ങ്ങൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക ലക്ഷ്യത്തോടെ നടപ്പാക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയായ

നശാ മുക്ത് ഭാരത് അഭിയാന്റെ ജില്ലാതല പ്രവർത്തനം സംബന്ധിച്ച് പ്രധാന സന്നദ്ധ പ്രവർത്തകർക്കായി (മാസ്റ്റർ വോളന്റിയർമാർ) സംഘടിപ്പിച്ചഏകദിന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മദ്യത്തിന്റെയും ലഹരി മരുന്നുകളുടെയും ഉപയോഗവുമായി ബന്ധപ്പെട്ട് ജില്ലയിൽ നിരവധി ഹോട്ട് സ്പോട്ടുകളുണ്ട്. ലഹരി വ്യാപനവും അഡിക്ഷനും നിയന്ത്രിക്കുന്നതിൽ സന്നദ്ധ പ്രവർത്തകരുടെ പങ്ക് വലുതാണ്. തുടർച്ച യായതും ആഴത്തിലു മുള്ള ബോധവത്കരണം നടത്തണം. വിദ്യാർഥികളെ ബഹുമുഖ വ്യക്തിത്വ ങ്ങളായി വളർത്തണം. വായന, സംഗീതം, കല, സാഹിത്യം, കായികം തുടങ്ങിയ മേഖലക ളിൽ സജീവമാക്കണം. നിഷ്ക്രിയമായ മനസുകളിലാണ് ദുഷ്ചിന്തകൾ ഉടലെടുക്കുന്നത്.

ലഹരിക്കടിപ്പെട്ടവരുടെ സാഹചര്യങ്ങൾ മനസിലാക്കി സഹിഷ്ണുതയോടെയും അനുതാപ ത്തോടെയും ഇടപെടണം. നിരവധി ജീവിതങ്ങളെ മാറ്റിമറിക്കാൻ കഴിയുന്ന സേനയാണ് സന്നദ്ധ പ്രവർത്തകരെന്നും അദ്ദേഹം പറഞ്ഞു.

സിവിൽ സ്റ്റേഷൻ ആസൂത്രണ സമിതി ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ ജില്ലാ സാമൂഹ്യ നീതി ഓഫീസർ വി.ജെ. ബിനോയ് അധ്യക്ഷത വഹിച്ചു. സ്റ്റേറ്റ് ലെവൽ കോ ഓഡിനേറ്റിംഗ് ഏജൻസി (എസ് എൽ സി എ ) കോഓഡിനേറ്റർ ഫാ. ജിൻസ് മുഖ്യസന്ദേശം നൽകി. എസ് എൽ സി എ ട്രെയിനിംഗ് കോ ഓഡിനേറ്റർ ടി.എം. മാത്യു, നശാ മുക്ത് ഭാരത് അഭിയാൻ കോ ഓഡിനേറ്റർ ഫ്രാൻസിസ് മൂത്തേടൻ എന്നിവർ സെഷനുകൾ നയിച്ചു.

രാജഗിരി കോളേജ് സോഷ്യൽ വർക്ക് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. കെ. ആർ. അനീഷ്, കേരള അസോസിയേഷൻ ഓഫ് പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സ് പ്രസിഡന്റ് ഫാ. സോജൻ പി. ജോസഫ്, സീനിയർ സൂപ്രണ്ട് സിനോ സേവി തുടങ്ങിയവർ പങ്കെടുത്തു.



# ഇൻഫോപാർക്കിൽ രക്തദാന ക്യാമ്പ് നടത്തി

**കൊച്ചി:** സംസ്ഥാന വ്യവസായ സംരക്ഷണ സേന (എസ്ഐഎസ്എഫ്)യുടെ ആഭിമുഖ്യത്തിൽ ഇൻഫോപാർക്കിൽ രക്തദാന ക്യാമ്പ് നടത്തി. ഇൻഫോപാർക്ക് കൊച്ചി ഫേസ് ഒന്ന് ക്യാമ്പസിലായിരുന്നു പരിപാടി.ഐടി ജീവനക്കാരും സേനാംഗങ്ങളുമായി 45 പേർ രക്തദാനം ചെയ്തു. അമൃത ഹോസ്പിറ്റലിൻറെ രക്ത ബാങ്ക്, എച്ച് ഡി എഫ് സി ബാങ്ക് എന്നിവയുമായി സഹകരിച്ചായിരുന്നു പരിപാടി. വരും ദിവസങ്ങളിൽ മൂന്ന് രക്തദാന ക്യാമ്പുകൾ കൂടി നടത്തുമെന്ന് സംഘാടകർ അറിയിച്ചു

# വി പി രാമചന്ദ്രൻ ജന്മശതാബ്ദി ആഘോഷത്തിന് ഇന്ന് തുടക്കം

**കൊച്ചി:** പ്രശസ്ത മാധ്യമ സാരഥി വി.പി രാമചന്ദ്രന്റെ ജന്മശതാബ്ദി ആഘോഷത്തിന് ഇന്ന് (21) തുടക്കമാകും. ഒരുവർഷത്തെ വ്യത്യസ്ത പരിപാടികളോടെ കേരള മീഡിയ അക്കാദമിയുടെ നേതൃത്വത്തിലാണ് ആഘോഷം. പ്രശസ്ത നിരൂപകയും മാധ്യമ അധ്യാപികയുമായ ഡോ. എം ലീലാവതി, പ്രമുഖ മാധ്യമ പ്രവർത്തകരായ ശശികുമാർ, തോമസ് ജേക്കബ്, പി രാജൻ, ഡോ. സെബാസ്റ്റ്യൻ പോൾ, അക്കാദമി ചെയർമാൻ ആർ.എസ് ബാബു, എറണാകുളം പ്രസ് ക്ലബ്ബ് പ്രസിഡന്റ് ആർ. ഗോപകുമാർ എന്നിവർ വി പി ആറിന്റെ പേരിലെ അക്ഷരങ്ങളുള്ള തൈകൾ വേദിയിൽ സ്ഥാപിച്ച് ഉദ്ഘാടനം നിർവഹിക്കും. ശശികുമാർ ഉദ്ഘാടനപ്രഭാഷണം നടത്തും. തോമസ് ജേക്കബ് മുഖ്യാതിഥിയായിരിക്കും. നവംബർ 21ന് വൈകുന്നേരം 3.30ന് കാക്കനാട് മീഡിയ അക്കാദമി ഓഡിറ്റോറിയത്തിലാണ് ഉദ്ഘാടന സമ്മേളനം. വിപി ആറിന്റെ മകൾ ലേഖ ചന്ദ്രശേഖർ, അക്കാദമി സെക്രട്ടറി അനിൽ ഭാസ്കർ എന്നിവർ പങ്കെടുക്കും. ഇന്ത്യൻ മാധ്യമപ്രവർത്തന മേഖലയിൽ സവിശേഷ മാധ്യമ പ്രവർത്തന പാരമ്പര്യത്തിനു തുടക്കം കുറിച്ച വി പി രാമചന്ദ്രൻ എന്ന വെട്ടത്ത് പുത്തൻവീട്ടിൽ രാമചന്ദ്രൻ അന്തരിച്ചിട്ട് രണ്ടു വർഷം. കേരള മീഡിയ അക്കാദമിയുടെ മുൻ ചെയർമാനും അക്കാദമിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറക്ടറും ആയിരുന്നു. മാതൃഭൂമി പത്രാധിപരായി സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം വിവിധ ന്യൂസ് ഏജൻസികളുടെ മേധാവിയുമായിരുന്നു. അടിയന്തരാവസ്ഥയെ നിർഭയം എതിർത്ത് പത്രപ്രവർത്തനത്തിന്റെ അന്തസ്സ് കാത്തു സൂക്ഷിച്ച വി.പി ആറിന്റെ ജന്മശതാബ്ദി വർഷമാണ് 2024. ഇന്ത്യൻ പത്രപ്രവർത്തന മേഖലയിലെ സമഗ്ര സംഭാവനക്ക് ഒരു ലക്ഷം രൂപയുടെ അവാർഡ് വി.പി. ആറിന്റെ സ്മരണക്കായി ഏർപ്പെടുത്തുകയാണെന്ന് അക്കാദമി ചെയർമാൻ ആർ എസ് ബാബു അറിയിച്ചു. എല്ലാവർഷവും അദ്ദേഹത്തിന്റെ ജന്മ മാസമായ ഏപ്രിലിൽ അവാർഡ് സമ്മാനിക്കും. പുരസ്കാരത്തിനുള്ള തുക വി.പി രാമചന്ദ്രന്റെ കുടുംബം അക്കാദമിയെ ഏൽപ്പിക്കും.




# എറണാകുളം ഉപജില്ല കലോൽസവം: ഗവ ഗേൾസ് എൽ.പി സ്കൂളിന് മികച്ച വിജയം

**കൊച്ചി:** ഇടപ്പള്ളിയിൽ വച്ച് നടന്ന എറണാകുളം ഉപജില്ല കലോൽസവത്തിൽ എറണാകുളം ഗവ ഗേൾസ് എൽ പി സ്കൂളിന് മികച്ച വിജയം . അറുപത്തിയൊന്ന് പോയിന്റ് നേടി എൽ പി ജനറൽ വിഭാഗത്തിലും ഗവ എൽ പി വിഭാഗത്തിലും ഒന്നാം സ്ഥാനം കരസ്ഥമാക്കി .എറണാകുളം ഉപജില്ല കലോൽസവത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് എൽ പി വിഭാഗത്തിൽ സർക്കാർ എൽ പി സ്കൂൾ ഓവറോൾ ചാമ്പ്യന്മാരാകുന്നത് . പങ്കെടുത്ത പതിമൂന്ന് ഇനങ്ങളിൽ ഗ്രൂപ്പ് ഡാൻസ് , മാപ്പിളപ്പാട്ട് തുടങ്ങിയവയിലെ ഒന്നാം സ്ഥാനമടക്കം പതിനൊന്നു എ ഗ്രേഡുകളും രണ്ട് ബി ഗ്രേഡുകളും നേടിയാണ് ഒന്നാം സ്ഥാനത്തെത്തിയത് .

# പത്രപ്രവർത്തക / പത്രപ്രവർത്തകേതര പെൻഷൻ ലൈഫ് സർട്ടിഫിക്കറ്റ് നവംബർ 30നകം നൽകണം

**കൊച്ചി:**ഇൻഫർമേഷൻപബ്ലിക് റിലേഷൻസ് വകുപ്പിന്റെ പത്രപ്രവർത്തക പത്രപ്രവർത്തകേതര പെൻഷൻ വാങ്ങുന്നവർ 2024 നവംബർ 30നകം ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണം. നവംബർ മാസത്തെ തീയതിയിലുള്ള 'ജീവൻ പ്രമാണി'ന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പോ, നവംബർ മാസത്തെ തീയതിയിലുള്ള ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റോ ആണ് ഹാജരാക്കേണ്ടത്. ലൈഫ് സർട്ടിഫിക്കറ്റിന്റെ മാതൃക prd.kerala.gov.in/en/forms എന്ന ലിങ്കിൽ നിന്ന് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. ഇതിലെ രണ്ടാം ഭാഗത്ത് പെൻഷണറുടെ നിലവിലെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി സ്വയം സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്. 'ജീവൻ പ്രമാൺ' സമർപ്പിക്കുന്നവരും രണ്ടാം ഭാഗം പൂരിപ്പിച്ച് നൽകേണ്ടതാണ്.

ലൈഫ് സർട്ടിഫിക്കറ്റ് 2024 നവംബർ 30നകം ഹാജരാക്കാത്തവരുടെ തുടർന്നുള്ള പെൻഷൻ വിതരണത്തിൽ മുടക്കം വരുന്നതായിരിക്കും.

ഏത് ജില്ലയിൽ നിന്നാണോ നിലവിൽ പെൻഷൻ സംബന്ധമായ രേഖകൾ സമർപ്പിക്കുന്നത് അതത് ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ വേണം ലൈഫ് സർട്ടിഫിക്കറ്റ് നൽകേണ്ടത്. ദൂതൻ മുഖേന നൽകുന്ന പെൻഷണർമാർ സ്വന്തം ഫോട്ടോ പതിച്ച സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖയുടെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി നൽകേണ്ടതാണ്. സംശയങ്ങൾക്ക് ഡയറക്ടറേറ്റിലെ 04712517351 എന്ന ഫോൺ നമ്പരിലോ, അതാത് ജില്ലാ ഇൻഫർമേഷൻ ഓഫീസിലോ ബന്ധപ്പെടുക.

# സസ്യശാസ്ത്ര സമ്മേളനം നവംബർ 23 ന്

**കൊച്ചി:** കേരള ബൊട്ടാണിക്കൽ സൊസൈറ്റി എറണാകുളം സെന്റ് തെരേസാസ് കോളേജുമായി ചേർന്നു സംഘടിപ്പിക്കുന്ന 'ബോട്ടണി ബിയോണ്ട് ബൗണ്ടറിസ് സമ്മേളനം നവംബർ 23 ന് കോളേജിൽ നടത്തും.

സസ്യശാസ്ത്രത്തിലെ നവീന സാദ്ധ്യതകൾ, സംരംഭകത്വം തുടങ്ങിയ വിഷയങ്ങൾ ചർച്ചചെയ്യുന്ന സമ്മേളനത്തിൽ മഹാത്മാഗാന്ധി സർവകലാശാലയിലെ സസ്യശാസ്ത്ര അദ്ധ്യാപകർ ഒരുമിച്ചുചേരും.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ചെയർമാൻ ടി. കെ.ജോസ് മുഖ്യ പ്രഭാഷണം നടത്തും. നജീബ് ബിൻ ഹനീഫ്, സ്നൂപാ മാത്തിനാത്ത് എന്നിവർ സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനെക്കുറിച്ചും നിലനിർത്തുന്നതിനെക്കുറിച്ചും അനുഭവങ്ങൾ പങ്കുവയ്ക്കും. ബൊട്ടാണിക്കൽ സൊസൈറ്റിയുടെ സ്ഥാപക നേതാക്കളെ സമ്മേളനത്തിൽ ആദരിക്കും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും keralabotanicalsocitey@gmail.com, ഫോൺ 9447458675

# തൊഴിൽരഹിതരായ വനിതകൾക്ക് അതിവേഗ വായ്പ

**കൊച്ചി:** സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലളിതമായ നടപടിക്രമത്തിലൂടെ അതിവേഗ വ്യക്തിഗത/ഗ്രൂപ്പ്/ വിദ്യാഭ്യാസ വായ്പകൾ നൽകുന്നു. നിശ്ചിത വരുമാന പരിധിയിലുള്ള 18 നും 55നും മദ്ധ്യേ പ്രായമുള്ള തൊഴിൽരഹിതരായ വനിതകൾക്ക് 45 വർഷ തിരിച്ചടവു കാലാവധിയിൽ 49% പലിശനിരക്കിൽ ഉദ്യോഗസ്ഥ/വസ്തു ജാമ്യത്തിന്റെ അടിസ്ഥാനത്തിലാണു വായ്പ.

മൈക്രോഫിനാൻസ് പദ്ധതിയിൽ കുടുംബശ്രീ സിഡിഎസിന് 45% പലിശനിരക്കിൽ മൂന്നു കോടി രൂപ വരെ വായ്പ നൽകും. സിഡിഎസിനു കീഴിലുള്ള എസ്എച്ച്ജികൾക്ക് 10 ലക്ഷം രൂപവരെ വായ്പ ലഭിക്കും. www.kswdc.org എന്ന വെബ്സൈറ്റിൽ ലഭിക്കുന്ന വായ്പ അപേക്ഷഫോറം എറണാകുളം മേഖലാ ഓഫീസിൽ സമർപ്പിക്കണം. കൂടാതെ നിശ്ചിത വരുമാന പരിധിയിലുള്ള 16നും 32നും മദ്ധ്യേ പ്രായമുള്ള വനിതകൾക്ക് അഞ്ചുവർഷ തിരിച്ചടവു കാലാവധിയിൽ 38% പലിശനിരക്കിൽ ഉദ്യോഗസ്ഥ/വസ്തു ജാമ്യത്തിന്റെ അടിസ്ഥാനത്തിലാണു വിദ്യാഭ്യാസ വായ്പ നൽകുന്നത്. അപേക്ഷകൾക്കും വിശദവിവരങ്ങൾക്കും എറണാകുളം മേഖലാ ഓഫീസുമായി ബന്ധപ്പെടുക.



# കാൻഡിൽലൈറ്റ് കൺസേർട്ട്സിന് കൊച്ചി വേദിയാകുന്നു

**കൊച്ചി:** ലോകപ്രശസ്തമായ കാൻഡിൽലൈറ്റ് കൺസേർട്ട്സ് ഇതാദ്യമായി കൊച്ചിയിലെത്തുന്നു. നവംബർ 24നും ഡിസംബർ 21 നും ഫോർ പോയിന്റ്സ് ബൈ ഷെറാട്ടൺ കൊച്ചി ഇൻഫോപാർക്ക് ഹോട്ടലിലാണ് കാൻഡിൽലൈറ്റ് കൺസേർട്ട്സിൻറെ സംഗീത പരിപാടി. അമേരിക്കൻ കമ്പനിയായ ഫീവറിന് കീഴിലുള്ള ബ്രാൻഡായ ലൈവ് യുവർ സിറ്റിയാണ് കാൻഡിൽലൈറ്റ് കൺസേർട്ട്സിന് തുടക്കം കുറിച്ചത്. ലോകത്തെമ്പാടുമായുള്ള 150 ലധികം നഗരങ്ങളിൽ സംഗീതസായാഹ്നങ്ങളിലൂടെ വിസ്മയം തീർത്ത കാൻഡിൽലൈറ്റ് കൺസേർട്ട്സ് അവരുടെ ഏറ്റവും പുതിയതും ആകർഷകവുമായ 'ബെസ്റ്റ് മൂവി സൗണ്ട്ട്രാക്ക്സ്' പ്രോഗ്രാമാണ് നവംബർ 24 ന് അവതരിപ്പിക്കുന്നത്. വൈകുന്നേരം 5നും 7നും 9നും ഒരു മണിക്കൂർ വീതം ദൈർഘ്യമുള്ള 3 സംഗീത പരിപാടികളുണ്ടാകും.

മിന്നിത്തിളങ്ങുന്ന മെഴുകുതിരി വെട്ടത്തിൽ കലാകാരൻമാർ ഐക്കണിക് മൂവി ഹിറ്റുകളെ ആകർഷകമായ സിംഫണിക് മാസ്റ്റർപീസുകളാക്കി മാറ്റും. കാലാതീതമായ രചനകൾ സാധാരണ ശ്രോതാക്കൾക്കും സംഗീത പ്രേമികൾക്കും ഒരുപോലെ ആസ്വദിക്കാനാകും വിധമാണ് കാൻഡിൽലൈറ്റ് കൺസേർട്ട്സ് അവതരിപ്പിക്കുക.ഡിസംബർ 21 വൈകുന്നേരം 5ന് 'മൊസാർട്ട് ടു ചോപിൻ' എന്ന പ്രോഗ്രാമും അതേ ദിവസം തന്നെ 7നും 9നും 'ട്രിബ്യൂട്ട് ടു കോൾഡ്പ്ലേ' എന്ന പ്രോഗ്രാമും ഫോർ പോയിൻറ്സ് ബൈ ഷെറാട്ടൺ ഹോട്ടലിൽ അവതരിപ്പിക്കും. ഇരു പ്രോഗ്രാമുകൾക്കും ഓരോ മണിക്കൂർ വീതമാണ് ദൈർഘ്യം. സാരംഗി, തബല തുടങ്ങിയ പരമ്പരാഗത ഇന്ത്യൻ വാദ്യോപകരണങ്ങളെ ക്ലാസിക്കൽ ക്രമീകരണങ്ങളുമായി സമന്വയിപ്പിച്ച് സംസ്കാരങ്ങളെയും സംഗീത പാരമ്പര്യങ്ങളെയും ബന്ധിപ്പിക്കുന്നതാകും ഈ പ്രകടനങ്ങൾ.

പാരീസിലെ ചരിത്രപരമായ കൺസേർട്ട് ഹാളുകൾ മുതൽ ന്യൂയോർക്കിലെ ആധുനിക സംഗീത കേന്ദ്രങ്ങൾ വരെ ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകൾക്ക് മാസ്മരിക സംഗീതം പകർന്ന് കൊടുത്തിട്ടുണ്ട് കാൻഡിൽലൈറ്റ് കൺസേർട്ട്സ്.

# മൺസൂൺ ആർട്ട് ഫെസ്റ്റിന് തുടക്കമായി

**കൊച്ചി:** കോട്ടയം ആർട്ട് ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന മൺസൂൺ ആർട്ട് ഫെസ്റ്റിന് തുടക്കമായി. എറണാകുളം ദർബർ ഹാൾ ആർട്ട് സെന്റർ, 8 പോയിന്റ് ആർട്ട് ഗാലറി, കോട്ടയം പബ്ലിക് ലൈബ്രറി ആർട്ട് ഗാലറി, ചാലക്കുടി ചോല ആർട്ട് ഗാലറി, കോഴിക്കോട് ലളിതകാല അക്കാഡമി ആർട്ട് ഗാലറി എന്നിവിടങ്ങളിലായാണ് പ്രദർശനം.

നവംബർ 28 ന് പ്രദർശനം അവസാനിക്കും. ചിത്ര, ശില്പ ,ഇൻസ്റ്റല്ലേഷൻ, ന്യൂ മീഡിയ കലാ പ്രദർശനം എന്നവയാണ് ഫെസ്റ്റിൽ ഉള്ളത്. കേരളത്തിലെ 300 ആർട്ടിസ്റ്റുകളുടെ 1000 കലാ സൃഷ്ടികൾ ഇക്കുറി പ്രദർശനത്തിനെത്തും.

എറണാകുളം ദർബാർ ഹാളിലെ പ്രദർശനം ഇന്നലെ വൈകുന്നേരം കേരള ലളിതകലാ അക്കാഡമി ചെയർമാൻ മുരളി ചീരോത്ത് ഉദ്ഘടനം ചെയ്തു. അക്കാദമി സെക്രട്ടറി എൻ ബാലമുരളി കൃഷ്ണൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ മാവേലിക്കര രാജരവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സ് പ്രിൻസിപ്പൽ മനോജ് വൈലൂർ, ആർട്ട് ക്രിട്ടിക് എം രാമചന്ദ്രൻ, ചിത്രകാരികളായ സജിത സാർ ശങ്കർ, ലേഖ നാരായണൻ, തിരുവനന്തപുരം കോളേജ് ഓഫ് ഫൈൻ ആർട്സ് പെയിന്റിംഗ് വിഭാഗം തലവൻ ഷിജോ ജേക്കബ്, കോട്ടയം ആർട്ട് ഫൌണ്ടേഷൻ പ്രസിഡന്റ് ടി ആർ ഉദയകുമാർ, സെക്രട്ടറി മിനി ശർമ എന്നിവർ പങ്കെടുത്തു.

22 ന് കൊല്ലം 8 പോയിന്റ് ആർട്ട് ഗാലറിയിൽ നടക്കുന്ന എക്സിബിഷൻ ലളിതകലാ അക്കാഡമി മുൻ ചെയർമാൻ കാട്ടൂർ നാരായണ പിള്ള ഉദ്ഘാടനം ചെയ്യും. ചിത്രകാരൻ കാരയ്കമണ്ഡപം വിജയകുമാർ അധ്യക്ഷത വഹിക്കും. കോട്ടയം പബ്ലിക് ലൈബ്രറി ആർട്ട് ഗാലറിയിൽ നടക്കുന്ന പ്രദർശനം എഴുത്തുകാരനും മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടരുമായ ജോസ് പനച്ചിപ്പുറം ഉദ്ഘാടനം ചെയ്യും. കേരള ലളിതകലാ അക്കാഡമി മുൻ ചെയർമാനും സിനിമ സംവിധായകനുമായ നേമം പുഷ്പരാജ് അധ്യക്ഷത വഹിക്കും. ചാലക്കുടി ചോല ആർട്ട് ഗാലറിയിൽ നടക്കുന്ന പ്രദർശനം ലളിതകലാ അക്കാഡമി സെക്രട്ടറി എൻ ബാലമുരളി കൃഷ്ണൻ ഉദ്ഘടനം ചെയ്യും. ചിത്രകാരി ലതാദേവി എൻ ബി അധ്യക്ഷത വഹിക്കും. കോഴിക്കോട് അക്കാഡമി ഗാലറിയിൽ നടക്കുന്ന പ്രദർശനം ലളിതകലാ അക്കാഡമി എസ്ക്യൂട്ടീവ മെമ്പർ സുനിൽ അശോകപുരം ഉദ്ഘാടനം ചെയ്യും.

## ബമ്പർ ഹോളിഡേ ഷോപ്പിംഗ് സീസൺ:

# ഒരുക്കങ്ങളുമായി ആമസോൺ ഗ്ലോബൽ സെല്ലിംഗ് കയറ്റുമതിക്കാർ

**കൊച്ചി:** വാർഷിക ബ്ലാക്ക് ഫ്രൈഡേ ആൻഡ് സൈബർ മൺഡേ (ബിഎഫ്സിഎം) വിൽപ്പനയ്ക് തയ്യാറെടുത്ത് ആമസോൺ. ഇന്ത്യയിൽ നിർമ്മിച്ച ദശലക്ഷക്കണക്കിന് ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാൻ ആമസോൺ ഗ്ലോബൽ സെല്ലിംഗ് പ്രോഗ്രാമിലെ ഇന്ത്യൻ കയറ്റുമതിക്കാർ തയ്യാറാണെന്ന് ആമസോൺ വ്യക്തമാക്കി. ഈ വർഷം ഉപഭോക്താക്കൾക്ക് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ ദിവസങ്ങൾ ഷോപ്പിംഗ് നടത്താനാകും. ഡിസംബർ 2 ന് അവസാനിക്കുന്ന വിൽപ്പന സീസണിൽ കളിപ്പാട്ടങ്ങൾ, വസ്ത്രങ്ങൾ, ആരോഗ്യം, വ്യക്തിഗത പരിചരണം, ഓഫീസ് ഉൽപ്പന്നങ്ങൾ, ആഭരണങ്ങൾ, സൗന്ദര്യം, ഫർണിച്ചറുകൾ എന്നിങ്ങനെ ഇന്ത്യൻ കയറ്റുമതിക്കാർ 50,000ത്തിലധികം പുതിയ ഉൽപ്പന്നങ്ങൾ വിപണിയിൽ അവതരിപ്പിച്ചു.അവധിക്കാല വിൽപ്പന പ്രയോജനപ്പെടുത്താൻ ആമസോൺ ഗ്ലോബൽ സെല്ലിംഗ് പ്രോഗ്രാമിൽ ചേരുന്നതിനും യു.എസ്, കാനഡ, മെക്സിക്കോ എന്നിവിടങ്ങളിലെ ആമസോൺ മാർക്കറ്റ് പ്ലെയ്സുകളിൽ വിൽക്കുന്നതിനുമുള്ള ഇന്ത്യൻ കയറ്റുമതിക്കാർക്കുള്ള സബ്സ്ക്രിപ്ഷൻ ഫീസ് വെട്ടിക്കുറച്ചു.ആമസോൺ അതിൻറെ മുൻനിര ക്രോസ് ബോർഡർ ലോജിസ്റ്റിക്സ് പ്രോഗ്രാമായ ആമസോൺ ഗ്ലോബൽ സെല്ലിംഗ് സെൻഡ് വിപുലീകരിച്ചു, ഇന്ത്യയിൽ നിന്ന് യുഎസ്, യുകെ, ജർമനിഎന്നിവിടങ്ങളിലേക്കുള്ള വ്യോമ, സമുദ്ര പാതകളിൽ മൂന്ന് പുതിയ കാരിയറുകൾ കൂടി ചേർത്തു. ആമസോൺ ഗ്ലോബൽ സെല്ലിംഗിനൊപ്പം ഇന്ത്യൻ കയറ്റുമതിക്കാർക്ക് വർഷം മുഴുവനും ഒന്നിലധികം പീക്ക് ഷോപ്പിംഗ് സീസണുകളിലേക്കും ആഗോള ഇവൻറുകളിലേക്കും പ്രവേശനം നൽകുന്നു. അടുത്തിടെ സമാപിച്ച പ്രൈം ബിഗ് ഡീൽ ഡേയ്സ് സെയിലിൽ ആമസോൺ ഗ്ലോബൽ സെല്ലിംഗിലെ ഇന്ത്യൻ കയറ്റുമതിക്കാർ ബെഡ്ഷീറ്റുകൾ, സ്ക്രബ് അപ്പാരൽ സെറ്റുകൾ, ഓറൽ കെയർ ഉൽപ്പന്നങ്ങൾ, ഏരിയ റഗ്ഗുകൾ, ടവൽ സെറ്റുകൾ, കിച്ചൺ ഉൽപ്പന്നങ്ങൾ എന്നിവയായിരുന്നു വിറ്റഴിച്ച മികച്ച അഞ്ച് ഉൽപ്പന്നങ്ങളെന്നും ആമസോൺ അധികൃതർ വ്യക്തമാക്കി.

# വാടകയ്ക്കുള്ള ജി.എസ്.ടി. അടയ്ക്കില്ല: കെ.എച്ച്.ആർ.എ

**കൊച്ചി:** അൺരജിസ്ട്രേഡ് കെട്ടിട ഉടമയിൽനിന്നും വാടകയ്ക്കെടുത്ത കെട്ടിടത്തിന്റെ വാടകയുടെ ജി.എസ്.ടി. രജിസ്ട്രേഡ് വ്യാപാരി അടക്കണമെന്ന നിർദ്ദേശം അപ്രായോഗികമായതിനാൽ ജി.എസ്.ടി. അടക്കേണ്ടതില്ലായെന്ന് അംഗങ്ങൾക്ക് നിർദ്ദേശം നൽകുവാൻ കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാനകമ്മിറ്റി തീരുമാനിച്ചു.

അതിന്റെ പേരിൽ ഹോട്ടലുടമയ്ക്കെതിരെ നടപടിയുണ്ടായാൽ ഒറ്റക്കെട്ടായി സംരക്ഷണകവചം ഒരുക്കുവാനും, എറണാകുളത്ത് ചേർന്ന കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാന നിർവാഹകസമിതിയോഗം തീരുമാനിച്ചു. ചെറുകിട ഹോട്ടൽ, റസ്റ്റോറന്റ് മേഖലയെ തകർക്കുന്ന തീരുമാനമാണ് ഏകപക്ഷീയമായി ജി.എസ്.ടി. കൗൺസിൽ എടുത്തിട്ടുള്ളത്. വാടകയുടെ ജി.എസ്.ടി. ഇൻപുട്ട് ടാക്സ് ക്രഡിറ്റിലൂടെ തിരികെ ലഭിക്കുമെന്നാണ് ജി.എസ്.ടി. കൗൺസിലിന്റെ വാദം. എന്നാൽ ഹോട്ടൽ, റസ്റ്റോറന്റുകൾക്ക് ഇൻപുട്ട് ടാക്സ് എടുക്കുവാൻ അനുവാദമില്ല. അതിനാൽ വാടകയ്ക്ക് മേൽ അടക്കുന്ന 18 ശതമാനം നികുതി ഹോട്ടലുടമയ്ക്ക് നഷ്ടമാകും. അവശ്യസാധനവിലവർദ്ധനവ് അടക്കം നിരവധി പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ചെറുകിട ഇടത്തരം ഹോട്ടൽ മേഖലക്ക് കനത്ത സാമ്പത്തികഭാരമാണ് കെട്ടിട ഉടമയുടെ ജി.എസ്.ടി. കൂടി അടക്കേണ്ടിവരുമ്പോൾ ഉണ്ടാകുന്നത്. ഇക്കാര്യം ചൂണ്ടിക്കാട്ടി കേന്ദ്ര/സംസ്ഥാന ധനകാര്യമന്ത്രിമാർക്കും, ജി.എസ്.ടി. കൗൺസിലിനും പരാതി നൽകിയിട്ടും നടപടിയൊന്നും ഉണ്ടായിട്ടില്ല.

അതിനാലാണ് ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുമ്പോൾ അൺരജിസ്ട്രേഡ് കെട്ടിട ഉടമയ്ക്ക് നൽകേണ്ട വാടകയുടെ ജി.എസ്.ടി. ഒഴിവാക്കുവാൻ കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ അംഗങ്ങൾക്ക് നിർദ്ദേശം നൽകിയത്. ഒക്ടോബർ മുതൽ പ്രാബല്യത്തിലായ ഈ നിയമ ഭേദഗതിയിൽനിന്നും ഇൻപുട്ട് ടാക്സ് എടുക്കുവാൻ അനുവാദമില്ലാത്ത റസ്റ്റോറന്റ് മേഖലയെ ഒഴിവാക്കിയില്ലെങ്കിൽ പാർലമെന്റ് മാർച്ച് അടക്കമുള്ള ശക്തമായ സമരപരിപാടികൾ ആവിഷ്ക്കരിക്കുവാനും കെ.എച്ച്.ആർ.എ. സംസ്ഥാന കമ്മിറ്റി തീരുമാനിച്ചതായി സംസ്ഥാനപ്രസിഡന്റ് ജി. ജയപാലും ജനറൽസെക്രട്ടറി കെ. പി. ബാലകൃഷ്ണ പൊതുവാളും അറിയിച്ചു.



# കാസ ഡെ ഗെസ്റ്റോ 2024: എസ്.സി.എം.എസ് കൊച്ചി ക്യാമ്പസ് ചാമ്പ്യന്മാർ

**കൊച്ചി:** ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഭവൻസ് റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കാസ ഡെ ഗെസ്റ്റോ 2024' ദേശീയ തല മാനേജ്മെന്റ് ഫെസ്റ്റിൽ എസ്.സി.എം.എസ് കൊച്ചി ക്യാമ്പസ് ചാമ്പ്യൻമാരായി. ഭവൻസ് ക്യാമ്പസിൽ നടന്ന പരിപാടി ഭാരതീയ വിദ്യാഭവൻ ചെയർമാനായ സി.എ. വേണുഗോപാൽ സി. ഗോവിന്ദ് ഉദ്ഘാടനം ചെയ്തു. ഇ. രാമൻകുട്ടി, ഭാരതീയ വിദ്യാഭവൻ ഡയറക്ടർ, ലതാ എസ്., ഭവൻസ് മുന്ഷി വിദ്യാശ്രമം പ്രിൻസിപ്പാൾ, ഡോ. ദീപാ ഉണ്ണിത്തൻ, ഭവൻസ് റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, തൃപ്പൂണിത്തുറ ഡീൻ എന്നിവരെക്കൂടാതെ ആനന്ദ് ശ്രീബാല ചിത്രത്തിന്റെ ഫിലിം ക്രൂവും ചടങ്ങിൽ പങ്കെടുത്തു.

യുജി, പി.ജി വിദ്യാർത്ഥികൾക്ക് വിവിധ മാനേജ്മെന്റ്, നോൺമാനേജ്മെന്റ് ഇവൻറുകളിൽ പങ്കെടുക്കാനും അവരുടെ കഴിവുകൾ പ്രദർശിപ്പിക്കാനുമുള്ള വേദികൂടിയായി കാസ ഡെ ഗെസ്റ്റോ 2024' മാറി

# സാത്വിക് ഗ്രീൻ എനർജി ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യൻ സൗരോർജ്ജ വിപണിയിലെ മുൻനിരക്കാരും അതിവേഗം വളരുന്ന മൊഡ്യൂൾ നിർമ്മാണ കമ്പനിയുമായ സാത്വിക് ഗ്രീൻ എനർജി ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. രണ്ട് രൂപ മുഖവിലയുള്ള ഇകിറ്റി ഓഹരികളുടെ ഐപിഒയിലൂടെ 1150 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.850 കോടി രൂപയുടെ പുതിയ ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 300 കോടി രൂപയുടെ ഇകിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ഡിഎഎം ക്യാപിറ്റൽ അഡ്വൈസേഴ്സ് ലിമിറ്റഡ്, ആംബിറ്റ് പ്രൈവറ്റ് ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെന്റ് അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ട്രസ്റ്റ് അഷ്വറൻസ് റിപ്പോർട്ട്: രണ്ടാം പതിപ്പ് പുറത്തിറക്കി മീഷോ

**കൊച്ചി :** ട്രസ്റ്റ് അഷ്വറൻസ് റിപ്പോർട്ടിൻറെ രണ്ടാം പതിപ്പ് പുറത്തിറക്കി മീഷോ. സുരക്ഷയും ഉപയോക്തൃ വിശ്വാസ്യതയും വർദ്ധിപ്പിക്കാൻ മീഷോ കൈക്കൊള്ളുന്ന നടപടികളുടെ ആഴത്തിലുള്ള അവലോകനമാണ് റിപ്പോർട്ടിലൂടെ ചൂണ്ടിക്കാട്ടുന്നതെന്ന് അധികൃതർ വ്യക്തമാക്കി. പ്രോജക്റ്റ് വിശ്വാസിലൂടെ പ്ലാറ്റ്ഫോമിലുള്ള ഉപയോക്താക്കളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നത് മീഷോ തുടരുന്നു. കഴിഞ്ഞ 12 മാസത്തിനിടെ മീഷോയ്ക്ക് 2.2 കോടി തട്ടിപ്പ് ട്രാൻസാക്ഷനുകൾ തടയാനായി.ഇതോടൊപ്പം തന്നെ 13 ലക്ഷം ബോട്ട് ഓർഡറുകളും 77 ലക്ഷം സ്കാം ശ്രമങ്ങളും തടയാനായി. മീഷോയുടെ ശ്രമങ്ങളുടെ ഭാഗമായി കൊൽക്കത്ത, ബംഗളൂരു, റാഞ്ചി എന്നിവിടങ്ങളിൽ എഫ്ഐആറുകൾ ഫയൽ ചെയ്യാനായെന്നും മീഷോ കമ്പനി അധികൃതർ വ്യക്തമാക്കി.

# ഓറൽ ഹെൽത്ത് മൂവ്മെന്റുമായി കോൾഗേറ്റ്

**കൊച്ചി :** കോൾഗേറ്റ്പാൽമോലിവ് (ഇന്ത്യ) ലിമിറ്റഡ് ഓറൽ ഹെൽത്ത് മൂവ്മെന്റ് ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു.

ഇന്ത്യാക്കാരെ തങ്ങളുടെ ഓറൽ സുരക്ഷയ്ക്ക് മുൻഗണന നൽകാൻ പ്രേരിപ്പിക്കുന്നതിനൊപ്പം ഇന്ത്യയിലെ ദന്താരോഗ്യത്തിലെ അവബോധവും പ്രാപ്യതയും തമ്മിലുള്ള വിടവ് നികത്തുന്നതിനായി സാങ്കേതികവിദ്യയെ ഉപയോഗിക്കുകയും ചെയ്യുന്നു.ഇക്കോസിസ്റ്റത്തിന്റെ നിർമ്മാണത്തിലൂടെയും ശാസ്ത്രീയമായ നൂതനത്വങ്ങളിലൂടെയും ദന്ത സുരക്ഷയ്ക്ക് മുഖ്യപരിഗണന നൽകിയും രാജ്യത്തെ മൊത്തത്തിലുള്ള ആരോഗ്യത്തിലേക്ക് സംഭാവന നൽകിയും ഇന്ത്യയുടെ ദന്താരോഗ്യനില മെച്ചപ്പെടുത്തുന്നതിനുള്ള കോൾഗേറ്റിന്റെ പ്രതിജ്ഞാബദ്ധതയാണ് ക്യാംപയിനിലൂടെ ചൂണ്ടിക്കാട്ടുന്നതെന്നും കോൾഗേറ്റ്പാൽമോലിവ് (ഇന്ത്യ) ലിമിറ്റഡ് അധികൃതർ വ്യക്തമാക്കി.

# വിവാഹ ഉത്സവ്; പ്രത്യേക ഓഫറുകളുമായി ജോയ്ആലുക്കാസ്

**കൊച്ചി:** ജോയ്ആലുക്കാസ് വിവാഹ ആഭരണ പർച്ചേസുകൾക്കായി 'വിവാഹ ഉത്സവ്' പ്രത്യേക ഓഫർ അവതരിപ്പിച്ചു. ഒരു ലക്ഷം രൂപയ്ക്കോ അതിനു മുകളിലോ ഉള്ള സ്വർണാഭരണങ്ങൾ വാങ്ങുമ്പോൾ 10 ഗ്രാം സിൽവർ ബാർ സൗജന്യമായി ലഭിക്കും.

ഓഫർ പ്രകാരം എല്ലാ ഡയമണ്ട്, അൺകട്ട് ഡയമണ്ട്, പ്രഷ്യസ് സ്റ്റോൺ എന്നിവയുടെ മൂല്യത്തിൽ 25ശതമാനം ഇളവും ലഭിക്കും. നവംബർ 15 മുതൽ ഡിസംബർ 1 വരെയുള്ള പ്രത്യേക ഓഫർ ഇന്ത്യയിലുടനീളമുള്ള എല്ലാ ജോയ് ആലുക്കാസ് ഷോറൂമുകളിലും ലഭ്യമാണ്.

ഓരോ വധുവിന്റെയും ആഗ്രഹങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ സ്വർണ്ണം, ഡയമണ്ട്, വിലയേറിയ ആഭരണങ്ങൾ എന്നിവയുടെ വിശിഷ്ടമായ ശേഖരമാണ് വിവാഹ ഉത്സവിന്റെ ഭാഗമായി ഒരുക്കിയിരിക്കുന്നതെന്ന് ജോയ്ആലുക്കാസ് ഗ്രൂപ്പ് എംഡിയും ചെയർമാനുമായ ജോയ് ആലുക്കാസ് പറഞ്ഞു.

ഉപഭോക്താക്കൾക്ക് പ്രത്യേകമായ ബ്രൈഡൽ കളക്ഷൻ അവതരിപ്പിക്കുകയാണ് 'വിവാഹ ഉത്സവ് ലൂടെ ഞങ്ങൾ ലക്ഷ്യമിടുന്നത്. സമാനതകളില്ലാത്ത കരവിരുതും, മികച്ച സേവനങ്ങളും ഒരുക്കുന്ന വിവാഹ ഉത്സവ് കളക്ഷൻ വിവാഹപർച്ചേസുകൾ നടത്തുന്നവർക്ക് ഏറെ സഹായകമാവും. എക്സ്ക്ലൂസീവ് ഡിസ്ക്കൗണ്ടുകൾക്ക് പുറമേ മികച്ച ഷോപ്പിംഗ് അനുഭവം കൂടി വിവാഹ ഉത്സവ് ഉറപ്പുനൽകുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.